
ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്:12019/2018
ബാച്ച്:2022-25
ഡിജിറ്റൽ മാഗസിൻ
ഇലകൾ കൊഴിയുമ്പോൾ

**ഉള്ളടക്കം** **പേജ്**


| | |
|---|---|
| ആശംസകൾ | 1 |
| ആമുഖം | 2 |
| ഒരു സ്വപ്നം പോലെ | 3 |
| മാറുന്ന കേരളം,മാറ്റത്തിനായി | 4 |
| നിലാവ് | 5 |
| സ്ത്രീ സ്വതന്ത്രം | 6 |
| വിദ്യാർത്ഥികളുടെ കർത്തവ്യങ്ങൾ | 7 |
| ഓർമ്മയുടെ ചുംബനം | 8 |
| കൊഴിഞ്ഞ മഴത്തുള്ളി | 9 |
| അമ്മയ്ക്കായി | 10 |
| രാത്രിയുടെ തലോടൽ | 11 |
| പൂമ്പാറ്റ | 12 |
| അനാഥത്വം | 13 |
| തേങ്ങുന്ന മാതൃഹൃദയം | 14 |
| മറന്നു പോകുന്നത് | 15 |
| ഒരിക്കലും തീരാത്ത മഴ | 16 |
| മുതലയെ പറ്റിച്ച | 17 |
| പ്രത്യാശ | 18 |
| രണ്ട് കവിതകള് | 19 |
| ആസ്വാദനകുറിപ്പ് | 20 |
| യാത്രാമൊഴി | 21 |
| ആസ്വാദനകുറിപ്പ് | 22 |
| വേദനിപ്പിക്കുന്ന മുള്ളുകൾ | 23 |
| മഴയെന്ന പോലെ | 24 |
| ഭൂതകാലസ്മരണകൾ | 25 |
| മിഴിനീർപ്പൂ | 26 |
| സ്നേഹം | 27 |
| പെൺ കൊട | 28 |
| മുഴുവൻ ശക്തിയും | 29 |
| നന്ദികേശന്റെ ശാപം | 30 |
| മൺമറഞ്ഞ അനുഭവം | 31 |
| പറയുവാനുള്ളവ | 32 |

| | |
|---|---|
| ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ് | 33 |
| കരിമുകിൽ വന്ന് | 34 |
| ചക്കപ്പഴം | 35 |
| കേമത്തം | 36 |
| മാന്ത്രികകുടവും മുത്തശ്ശിയും | 37 |
| പ്രകൃതിയും മനുഷ്യനും | 38 |
| ആരാണ് | 39 |
| ആകാശം | 40 |
| പാറിവന്ന വണ്ട് | 41 |
| പെരുമഴക്കാലം | 42 |
| ചിന്നനും കണ്ടനും | 43 |
| തുമ്പപ്പൂ | 44 |
| പുലരിയിലെ പ്രകൃതി | 45 |
| നിഴൽ | 46 |
| തത്തമ്മ,സ്നേഹം | 47 |
| സാരിമേളം | 48 |
| പുലരി മഞ്ഞിൻ കീഴിൽ | 49 |
| പാറി വരുന്നൊരു പൂമ്പാറ്റ | 50 |
| ഭംഗിയേറും പൂക്കൾ | 51 |
| ഭൂതകാല സ്മരണകൾ | 52 |
| അർച്ചന | 53 |
| മധുരം | 54 |
| ഞണ്ടുപറഞ്ഞത് | 55 |
| ഋഗ്വേദകാലം | 56 |
| സൗഹൃദം | 57 |
| പഴയ്യൊരു സ്നേഹഗീതം | 58 |
| മറക്കില്ല...ഒരിക്കലും നിന്നെ | 59 |
| ആസ്വാദനം,ആസ്വാദനം | 60 |
| പ്രളയം | 61 |
| വായനാനുഭവം | 62 |
| തുള്ളൽ കഥകൾ,കഥാസ്വാദനം | 63 |
| പുസ്തകാസ്വാദനം | 64 |
| കഥാനിരൂപണം | 65 |
| ഇന്ത്യൻ സ്ത്രീകളുടെ ഇരുണ്ട യുഗം | 66 |
| പ്രളയം | 67 |

| | |
|---|---|
| ഡ്രാക്കുള വീട്ടിൽ വന്നു | 68 |
| മിഴിനീർപ്പൂ,സൂത്രക്കാരൻ അക്കു | 69 |
| കുട്ടികുറുമ്പൻ | 70 |
| അയ്യോ പാഞ്ഞേ | 71 |
| കാട്,ഉപദേശം | 72 |
| രോഗി,മൈതാനവും തപാൽ ഓഫീസും | 73 |
| മഴയും കുഞ്ഞുണ്ണിയും | 74 |
| പഞ്ചവർണക്കിളി,കുഞ്ഞിക്കിളിയുടെ കൂട് | 75 |
| പല്ലി | 76 |
| ചന്ദനത്തിരി | 77 |
| മകനെ | 78 |
| കെണിയിൽ വീണേ | 79 |
| കാക്ക | 80 |
| കൊമ്പൻ വിരു | 81 |
| മഴ | 82 |
| ഓണത്തപ്പൻ,പൈങ്കിളി,പെരുമ | 83 |
| റോസാപ്പൂ,ഓർമ്മയുണ്ടോ പ്രിയേ | 84 |
| യാത്ര എന്ന വിസ്മയം | 85 |
| മുട്ടക്കാരൻ | 86 |
| പാറിവന്നവണ്ട്,ആരാണ് | 87 |
| നന്ദി | 88 |

ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ
ഹെഡ്മാസ്റ്റർ
ജോസ്പ്രകാശ് .പി .പി

ഉദയനഗർ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് 12019/2018 ൽ 2022-25 ബാച്ചിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'ഇലകൾ കൊഴിയുമ്പോൾ' ന് എല്ലാവിധ ആശംസകളുംനേരുന്നു.

ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ
സീനിയർ അസിസ്റ്റന്റ്
ബിന്ദു കൊയിലേരിയൻ

ഉദയനഗർ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് 12019/2018 ൽ 2022-25 ബാച്ചിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'ഇലകൾ കൊഴിയുമ്പോൾ' ന് എല്ലാവിധ ആശംസകളും നേരുന്നു.

ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ
സ്റ്റാഫ് സെക്രട്ടറി
ഫാദർ പീറ്റർ ജോസഫ്

ഉദയനഗർ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് 12019/2018 ൽ 2022-25 ബാച്ചിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'ഇലകൾ കൊഴിയുമ്പോൾ' ന് എല്ലാവിധ ആശംസകളും നേരുന്നു.

സിസ്റ്റർ സിന്ധു മാത്യു
എച്ച് എസ് എ ഇംഗ്ലീഷ്

കണ്ണൂർ രൂപതയ്ക്കു തിലകക്കുറിയായി പുല്ലൂർ ഉദയനഗർ വിദ്യാലയം

അസമാധാനത്തിന്റേയും അസ്വസ്ഥകളുടേയും അസൻമാർഗ്ഗതയുടേയും അലകൾ നാടിനെ ഗ്രസിച്ചുക്കൊണ്ടിരിക്കുന്ന ഈ വേളയിൽ ഏവർക്കും ശാന്തിദീപമായി വിളങ്ങുന്ന പുല്ലൂർ ഉദയനഗർ ഹൈസ്കൂൾ ഇക്കുബറിയും നൂറുമേനികൊയ്തുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഒന്നാം സ്ഥാനത്തേക്ക് മാത്രമല്ല ,സംസ്ഥാന തലത്തിലും മികവുറ്റ വിദ്യാലയമായി മാറിയിരിക്കുകയാണ്.പൂർവ്വികൻമാരിൽ നിന്ന് ഏറ്റ് വാങ്ങിയ സാസ്കാരിക പാരമ്പര്യവും ധാർമ്മിക മൂല്യങ്ങളും ഗ്രാമീണ പരിശുദ്ധിയും നന്മയും,പുണ്യവും നിറഞ്ഞ് നില്കുന്ന ഈ കലാലയ അന്തരീക്ഷത്തിൽ ഏറ്റവും മ്കവാർന്ന ഗുണമേന്മയുള്ള വിദ്യാദീപം ഈ നാടിന്റെ മക്കളുടെ ഹൃദയങ്ങളിൽ ഉജ്ജ്വലിപ്പിക്കുവാൻ അത്യന്തം തീക്ഷ്ണതയുടെ പ്രവർത്തന നിരതരായിരിക്കുന്ന ഒരുത്തമ സൗഹൃദക്കൂട്ടായ്മയാണ് ഇവിടുത്ത അധ്യാപക സമൂഹം.തങ്ങളുടെ അറിവിന്റേയും കഴിവിന്റേയും വൈദഗ്ധ്യത്തിന്റെയും സിംഹഭാഗം തങ്ങളെ ഭാരമേല്പിച്ച മക്കൾക്കു പകർന്നു നല്കുന്നതിൽ അവർ അത്യന്തം ഉത്സുകരാണ്.

ഏക മനസ്സോടെ,ഏക ലക്ഷ്യത്തോടെ ,ഐക്യദാർഢ്യമുള്ള പ്രവ് ത്തനശൈലിയോടെ ബാലമനസ്സിനെ ക്രമീകരിച്ച് പക്വമായ മനസ്സിന്റേയും മൂല്യാധിഷ്ഠിതവും നൂതനവുമായ അറിവിന്റേയും കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യ പൂർത്തീകരണത്തിനാണ് ഈ വിദ്യലയം സാക്ഷിയാവുന്നത്.ഇവിടെ ജാതി മത വർഗ്ഗ വർണ്ണ വിവേചനമില്ലാതെ ഈ നാടിന്റെ എല്ലാ മക്കൾക്കും പുരോഗമനത്തിന്റെ വികസനത്തിന്റെ പ്രതീകമായി മാറുകയാണ് വിദ്യലയം.നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചു കൊണ്ട് ഈ വിദ്യാലയം ഏവർക്കും ശാന്തിയുടേയും ഐക്യത്തിന്റേയും വിളനിലമായി തീരാൻ വേണ്ട എല്ലാ കൃപകളും നമ്മുടെ മാർഗ്ഗദീപമായി നിൽക്കുന്ന ഈശ്വരാനുഗ്രഹത്താൽ സ്വായത്തമാക്കാം.

അൻവിത് കൃഷ്ണ .എം
10 .എ

ഒരു സ്വപ്നം പോലെ

അതിരില്ലാ മോഹത്തിൻ ആവേശം പോൽ
അനുദിനമങ്ങനെ മറഞ്ഞുപോയി
ഗഗനരഥത്തിൻ ഗതിമാറിയതുപോൽ
ജ്വലിക്കയായ് ഞാനും അനുസൃതമായ്
ചിറകില്ലാതെ പറക്കാനൊരുങ്ങുന്ന
പക്ഷിതൻ മാറിൽ മറഞ്ഞീടവേ
തരളമാം യാമത്തിൽ കാത്തിരിക്കും
വിരളമാം നിന്റെയീ പുഞ്ചിരിക്കായ്
പിരിയുമ്പൊഴും നമ്മളൊരുമിച്ച് മാത്രം.....
നീ പോകുന്ന പാതയിലെൻ
കാല്പാദ ബിംബമുണ്ട്
നിത്യനൈർമല്യ നിലാവുപോലെ
പ്രകാശിക്കുന്ന നിൻ ആനനം
എന്ന് മനസ്സിൽ മുഖചിത്രമാ.....
കാത്തിരിക്കും ഒരു സ്വപ്നമായ് ഞാൻ
കാലത്തിനൊപ്പം കടന്നു ചെല്ലും.....
വരികൾ അപ്പോഴും വിസ്മയം പൂവണിഞ്ഞു
ഇതളണിയും മനസ്സിന്റെ സാന്ത്വനം പോൽ
കാത്തിരിക്കും ഞാൻ നിനക്കായ്.....

ആര്യനന്ദ മോഹൻ
9.എ

മാറുന്ന കേരളം ,മാറ്റത്തിനായി

മറ്റൊരു വർഷത്തെയും പോലെയല്ല ഇത്തവണത്തെ കേരളപ്പിറവി. കൂട്ടിവെച്ച കണക്കുകളെല്ലാം പിഴച്ചുപോയോ എന്ന ആശങ്കയിലാണ് നാമിപ്പോൾ മഹാപ്രളയത്തിൽ തകർന്നിടിഞ്ഞ കേരളം മാത്രമല്ല ഇങ്ങനെ ചിന്തിപ്പിക്കുന്നത്.പ്രളയത്തെ അതിജീവിക്കാൻ ഒത്തൊരുമിച്ച കേരളത്തിന്റെ ആ ഇച്ഛാശക്തിയും കൂടിയാണ്.നവ കേരള പുനർനിർമ്മാണത്തിന്റെ ആദ്യപടി ആത്മവിമർശനം തന്നെയാണ്.നാം പലതും നേടി എന്ന അഹങ്കാരമാണ് നമ്മെ ഇത്രത്തോളം കൊണ്ടെത്തിച്ചത്.മഹാകവി വള്ളത്തോൾ പാടിയതു പോലെ കേരളമെന്ന് കേട്ടാൽ തിളയ്ക്കുന്ന ചോരഞരമ്പുകൾ നമുക്കിഷ്ടമായിരുന്നു.ഞരമ്പുകളിൽഒഴുകുന്ന തണുത്തുറഞ്ഞ രക്തം ഇന്നീ നാടിന് താങ്ങാനാവാത്ത ഭാരമാണ്.ആ ഭാരം ഇറക്കിവെക്കാതെയുള്ള ഏത് പുനർനിർമ്മാണവും ആത്മാവില്ലാത്തതായിരിക്കും.ഇക്കാലമത്രയും നാം നമ്മുടെ മലകളോടും,പുഴകളോടും, എന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന് നൂറ്റാണ്ടിലെ പ്രളയം വന്ന് പറഞ്ഞുതരേണ്ടി വന്നു.അതിന് വിലയായി കൊടുക്കേണ്ടിവന്നത് നമ്മുടെ സഹജീവികളുടെ വിലപ്പെട്ട ജീവനോ ,കണക്കു കൂട്ടിത്തീരാത്ത പണത്തിന്റെ നാശനഷ്ടങ്ങളോ മാത്രമല്ല.മറിച്ച് തെറ്റായ വികസന സങ്കല്പങ്ങളിൽ മതിമറന്ന് കെട്ടിപ്പൊക്കിയ ജനലക്ഷങ്ങളുടെ സ്വപ്നങ്ങൾകൂടിയാണ്.ആർത്തിയുടെ സംസ്കാരമാണത്. അതാണ് എന്തും വില കൊടുത്ത് വാങ്ങാം എന്ന തോന്നലുണ്ടാക്കുന്നത്.മതത്തിന്റെയും,ജാതിയുടെയും അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പ്രവർത്തനം നാം ഉപേക്ഷിക്കാത്തടുത്തോളം കാലം കേരളത്തിന് പുരോഗതിയില്ല.ഗാന്ധിജിയും,ശ്രീനാരായണഗുരുവും വഴിവെട്ടി കാട്ടിത്തന്ന പാതയിൽനിന്ന് നാം എത്ര അകന്നുപോയോ അത്രതന്നെ നാം എത്തിച്ചേരേണ്ട ലക്ഷ്യത്തിൽനിന്ന് അകന്നു പോയിട്ടുണ്ട്.നമ്മുടെ വിധിയുടെ വിധാതാക്കൾഇനി നാം തന്നെയാണ്.നമുക്ക് ഇനി വേണ്ടത് പുതുകേരളമല്ല,മറിച്ച് പഴയ കേരളത്തിന്റെ പുനർജീവനമാണ്, പുരോഗതിയാണ്.

അമേയ കൃഷ്ണൻ
8-എ

## നിലാവ്

എന്റെ നിഴൽ
നിഴലിന്റെ നിഴലായ്
ജീവന്റെ ജീവനായ്
ഹൃദയത്തിന്റെ ആഴങ്ങളിൽ
പൂത്തുനിൽക്കുന്ന നിലാവേ
അലയുന്ന മനസ്സിൻ നിലാപൊയ്കയിൽ
നീന്തിതുടിക്കുന്ന മൃദുമന്ത്രണം
എന്റെ നെഞ്ചിലെ നിശ്വാസമായ്
ഹൃദയത്തിന്റെ നിലാവനൊളിയായ്
എന്നും മാറ്റൊലിക്കൊള്ളുന്ന  അഴകേ
ജീവിതപാതയിൽ നിൻ നാമം തുടിക്കവെ
എൻ ഹൃദയം മൊഴിയുകയായ്
എന്റെ ജീവന്റെ ജീവനാം കൂട്ടുകാരി

കൃഷ്ണേന്ദു .എൻ
9-എ

## സ്ത്രീസ്വാതന്ത്ര്യം

സാഹോദര്യത്തിന്റെ കവചംവേണം ഈ വെൺപ്രാവുകൾക്ക്
സ്ത്രീമാഹാത്മ്യത്തിന്റെ വിപ്ളവാത്മകമായ കാലഘട്ടത്തിതിലാണ് നാമിന്ന് ജീവിക്കുന്നത്.ഈ കാലഘട്ടത്തിൽ സ്ത്രീത്വത്തിന്റെ പവിത്രത നശിക്കുന്നു.മാനവിക ചിന്തകളിലധിഷ്ഠിതമായ ഒരു പുതുലോക സൃഷ്ടിക്ക് സാഹോദര്യം നിലനിർത്തോണ്ടത് അനിവാര്യമാണ്.സ്ത്രീകളെ ആദരിക്കാനും ബഹുമാനിക്കാനും നമുക്ക് സാധിക്കേണ്ടതാണ്.
മനുഷ്യമനസ്സുകളിലെ പാരമ്പര്യ പൗരാണിക ശബ്ദങ്ങളോളം പഴക്കം ചെന്ന ശബ്ദമാണ് സ്ത്രീ.സാംസ്കാരിക ചൈതന്യത്തിന്റെ പ്രതിരൂപമായി പിറന്നവൾ എന്നതിലുപരി പുരുഷാധിപത്യത്താൽ അടിച്ചമർത്തപ്പെട്ടവൾ എന്നു പറയുന്നതായിരിക്കും ഏറെ അനുയോജ്യം.സ്വതന്ത്രനും ആധിപത്യമോഹിയുമായ പുരുഷന്റെ കാൽക്കീഴിൽ ലൗകിക സുഖങ്ങളനുഭവിക്കാനും ചവിട്ടിതാഴ്ത്താനുമുള്ള വെറും കളിപ്പാവ മാത്രമായിരിക്കുന്നു സ്ത്രീ. സാമൂഹിക വ്യവസ്ഥിയിൽ സ്ത്രീകൾ പ്രതികരണശേഷിയില്ലാത്തവരായി മാറുന്നു.എന്നാൽ ,പണ്ടുകാലത്ത് സ്ത്രീകളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഒരു കൂട്ടം ആളുകൾ മുന്നിട്ടിറങ്ങി.നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ അവകാശസംരക്ഷണങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടം ഇതിനുദാഹരണമാണ്.ഏതു പുരുഷന്റെ വിജയത്തിനുപിന്നിലും ഒരു സ്ത്രീ ഉണ്ടാകും എന്നു പറയുമ്പോലെ തന്നെ സ്ത്രീ എന്നും വിജയത്തിന്റെ തോഴിയായിരുന്നു.സ്വാർമോഹികളായ പുരുഷവർഗ്ഗത്തിനുമുന്നിൽ സ്ത്രീകൾ എന്നും ത്യജിക്കപ്പെട്ടവരായി മാറി.ബുദ്ധിയുറയ്ക്കാത്ത കൊച്ചുകുഞ്ഞങ്ങൾ മുതൽ ലോകം കണ്ട ഏറ്റവും വലിയ ബുദ്ധിമാന്മാരിലൊരാളായ ഐസക്ക് ന്യൂട്ടൻ വരെ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിന്നും പിറന്നവരാണ്.ശാസ്ത്രം കണ്ട അത്ഭുത പ്രതിഭയായ സ്റ്റീഫൻഹോക്കിംഗ്സിന്റെ ജീവിതത്തിൽ അദ്ദേഹത്തെ വൈകല്യങ്ങൾ ക്കെതിരെ പോരാടാൻ പ്രാപ്തമാക്കിയ ഭാര്യയും പോളിയോ ബാധിച്ച കാലുകൾ എന്ന പ്രതിസന്ധി മറികടക്കാൻ പ്രശസ്ത ഓട്ടക്കാരിയായ വിൽമയെ സഹായിച്ചതും ഒരു സ്ത്രീയാണ്. അതിനാൽ ഇതിൽനിന്നെല്ലാം പ്രചോദനമുൾക്കൊണ്ട് സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി നമുക്ക് ഒത്തൊരുമോടെ പോരാടാം....

അനന്യ.പി
8-എ

വിദ്യാർത്ഥികളുടെ കർത്തവ്യങ്ങൾ

വിദ്യാർത്ഥികൾ എന്ന നിലയ്ക്ക് നമുക്ക്ഒരുപാട് കർത്തവ്യങ്ങളുണ്ട്.വിദ്യാർത്ഥികൾ ഭാവിയുടെ വാഗ്ദാനങ്ങളാണ്.അവരുടെ കരങ്ങളിലാണ് ഈ രാഷ്ട്രത്തിന്റെ ഭാവി.അതിനാൽ അവർക്കിടയിൽ സാംസ്കാരിക മൂല്യങ്ങൾ വളർത്തേണ്ടത് വളരെയേറെ അനിവാര്യമാണ്.ജാതിമതഭേദങ്ങൾക്കതീതമായി സ്നേഹബന്ധങ്ങൾ വളർത്തേണ്ടതാണ്.പഠനത്തിലൂടെ സാംസ്കാരിക ബോധവും വളർത്തേണ്ടതാണ്.പരസ്പര സഹായ സഹകരണങ്ങളിലൂടെ ഒരു  സംസ്കാരം തന്നെ വളർത്താൻ സാധിക്കുന്നു.നമുക്ക് ഒരുപാട് അവകാശങ്ങളും  സംരക്ഷണവും നൽകുമ്പോൾ ഒരുപാട് കർത്തവ്യങ്ങളും വളർ ത്തേണ്ടതാണ്.പഠനത്തിനപ്പുറം സമൂഹനന്മയ്ക്കായി പ്രവർത്തിക്കേണ്ടതാണ്.പഠനത്തിലൂടെ നാം നേടുന്ന അറിവ് നാം ജീവിതത്തിൽ തിരിച്ചറിവാക്കി മാറ്റേണ്ടതാണ്.മറ്റുള്ളവർക്കുനേരെ നന്മയുടെ ഹസ്തങ്ങൾ നീട്ടുകയും സ്വന്തം കർത്തവ്യത്തെക്കുറിച്ച് അതീവ ശ്രദ്ദ ചെലുത്തേണ്ടതാമാണ്. സ്വന്തം രാഷ്ട്രത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ചിന്തിച്ച് അതിന്റെ പുരോഗതിക്കായി പ്രവർത്തിക്കേണ്ടതാണ്.കർത്തവ്യനിഷ്ഠയോടെയും തികഞ്ഞ ആത്മാർഥതയോടെയും പ്രവർത്തിക്കുകയും  സ്വാർത്ഥബോധത്തിനതീതമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.ഇങ്ങനെ ഒരു വിദ്യാർത്ഥിയിലൂടെ ഒരു സമൂഹത്തെതന്നെ മാറ്റിമറിക്കാനാകും എന്നത് തീർ ച്ചയാണ്.

ശ്രീയുക്ത പി.ആർ
8-എ

ഓർമ്മയുടെ ചുംബനം

കാലത്തിൻ കടലാസുകളിൽ
പാതിവരച്ചിട്ട ചിത്രങ്ങളായ നിമിഷങ്ങൾ
കൊഴിഞ്ഞുപോയ ഇലയായി മാറിയ ജീവിതം
എങ്ങോ ഓാർമ്മയുടെ ചുംബനം
മറവുകൾക്കിടയിലാളിയ ദീപം
മറവിതൻ മാറിലൊളിച്ചു കളിക്കെ
വിടരാത്ത പുഞ്ചിരി ഉള്ളു തുളയ്ക്കവെ
പിളരുന്ന എൻ ഹൃദയം
ചുടുരക്തമായി നീയും ഒഴുകവെ
എങ്ങോ ഓർമ്മയുടെ ചുംബനം
ഇണക്കങ്ങൾ പൂക്കാത്ത പിണക്കത്തിൻ വല്ലരിയിൽ
ഇരവുതൻ സ്വപ്നങ്ങൾ കരിഞ്ഞുണങ്ങുമ്പോൾ
ഞാനറിയാതെ എന്നെയറിയുന്ന
വാചാരാം നയനങ്ങൾ ഇനിയെനിക്കില്ല
സ്നേഹത്തിന്റെ ബലിഷ്ടമാം കരങ്ങൾ
എൻ ഹൃദയത്തിൻ ചുറ്റഴിക്കുമ്പോൾ
നിൻമാറോടടുത്ത നിമിഷങ്ങൾ
മറഞ്ഞുപോകുമ്പോൾ
ബന്ധങ്ങൾതൻ വേരുകൾ
ബന്ധങ്ങളാലറുക്കുമ്പോൾ
ബന്ധിതയായി ഞാനും
കാലത്തിൻ തോണിയിലേറി നീയകലുമ്പോൾ
വിണ്ടുകീറിയ മരുഭൂമിയിൽ
ഏകയായി ഞാനും
ജന്മ ജന്മാന്തരങ്ങളെ പുണരുന്ന
ഓർമ്മയുടെ ചുംബനം പേറി....

ആര്യനന്ദ പി.കെ
9-എ

## കൊഴിഞ്ഞ മഞ്ഞുതുള്ളി

തളിരിലയുടെ  മാറുതലോടി
ചൂടേറിയ മണ്ണിൽ മാറിൽ
പൊഴിഞ്ഞസ്വപ്നമായി
കൊഴിഞ്ഞു മഞ്ഞുതുള്ളി.
വെളിച്ചത്തിന്റെ കരത്തിലെ  കണ്ണീർ തുള്ളി
വേദനയാൽ പിടയുന്ന മുളങ്കൂട്ടം
വിരഹത്താൽ തേങ്ങുന്ന പൂത്തുമ്പി
മഴയാലെഴുതിയ മായാത്ത മുദ്ര
മിഴിനീർ വിങ്ങി വിങ്ങി കരയുമ്പോൾ
ആകാശതാരകൾ ഏങ്ങിക്കരയുമ്പോൾ
ശൂന്യതയുടെ സംഗീതം കാറ്റിൽ വിലസുമ്പോൾ
വിശാലമാം വാനിന്റെ നയനങ്ങൾ നിറയവേ
കൊഴിയുന്ന മഞ്ഞുതുള്ളി
മർമ്മരമോതിയ ഇലയുടെ ചുണ്ടിൽ
മുത്തമിട്ടാടിയ  പൂവിന്റെ മടിയിൽ
അനന്തതയിലേക്ക് കാൽവെപ്പുമായി
കൊഴിയുന്ന മഞ്ഞുതുള്ളി.

ദേവ്ന.എം
8-എ

അമ്മയ്ക്കായി

ജീവന്റെ വാത്സല്യ സ്പർശനമേറ്റ നദിയെ
ജീവനായി കണ്ടിടും നിലാവേ
നിനക്കായി നിനക്കായിമാത്രം
പ്രാണനെ തലോടുന്ന അദൃശ്യമാം കരങ്ങൾ
ഏകാന്തതയാലെറിഞ്ഞു വീഴ്ത്തപ്പെട്ട
ദുഃഖത്തിന്റെ രോദനം
ബാല്യത്തിന്റെ നിറവിൽ കളിപ്പാവയും
നീയെ അറിയാതെ നിന്നെ ആത്മാവിൽ
താലോലിക്കവേ കണ്ണീർ മഴ പെയ്യവേ
എന്നെ നെഞ്ചിലേറ്റി നീറി പുകയുന്ന
നിന്റെ ആത്മരാഗം നെഞ്ചിൽമുഴങ്ങവേ
എന്റെ കളിത്തോഴിയായി കുഞ്ഞു പെങ്ങളായി
ജീവിതം നിറയവേ മൂളുന്നുമനം
അമ്മയുടെനെഞ്ചിലെ ചൂടിനായി കൊതിക്കുന്ന
പിഞ്ചോമന പൈതലാ ഞാനിന്നുമെന്നും
വിതുമ്പുന്ന കൊതിക്കുന്നു
ഓർമ്മയ്ക്കായി എന്നും തേങ്ങുന്നു.

ആര്യനന്ദ.പി
8-എ

രാത്രിയുടെ തലോടൽ.

രാത്രിയുടെ  തലോടൽ
വേദനയുടെ മഞ്ഞുകുളിരാൽ
ഹൃദയത്തിന്റെനിലവിളി ഉയരുമ്പോൾ
തേങ്ങലായി  നിശ്വാസമായി
നിലാവിന്റെ   സാന്ത്വനവുമായി
അഴകിന്റെ  വിണ്ണിലെ ആകാശപറവയെ
തേടുന്ന സ്വപ്നങ്ങൾ ബാക്കിയാക്കി
ഇരുട്ടിന്റെ അശാന്തതയെ വാഴ്ത്തി വാഴ്ത്തി
താരാപഥങ്ങൾ തൻ നിശ്വാസമായി നീയും
ഭൂമിയുടെ സംഗീതത്തിൻ നിദ്രയിലാണ്ട
നേർത്ത ഹൃദയത്തിന്റെ നിലാവൊളിയായ്
ജീവന്റെ നൊമ്പരത്തെ  ഞെരിച്ചമർത്ത
വാനിന്റെ ചിറകിൽ നിന്നുയർന്ന ഉുവൽ
വർണാന്തരമില്ലാത്ത സാന്ത്വന ലോകം
വർണവിവേചനമില്ലാത്ത
ആത്മാവിന്റെ  ആഴങ്ങളിലലിയുന്ന
രാത്രിയുടെ തലോടൽ.

അഭിനന്ദ് കൃഷ്ണൻ
9-എ

പൂമ്പാറ്റ

വർണ്ണചിറകുള്ള പൂമ്പാറ്റ
വർണ്ണം വിതറിയ ചിറകുകൾ വീശി
പാറിനടക്കും പൂമ്പാറ്റെ
ഉദ്യാനത്തിൻ അരികുകൾതോറും
പാറിനടക്കും പൂമ്പാറ്റെ
തേൻതുളുമ്പും മലരിന്നരികിൽ
പാറിയെത്തും പൂമ്പാറ്റെ
വർണചിറകിൻ തേരിലേറി
എങ്ങോട്ടാ നീ എങ്ങോട്ടാ
ആകാശത്തിൻ മതിലുകളിലേറാൻ
കൂട്ടുകൂടി കൂടെവരാം ഞാൻ
പൂന്തോട്ടത്തിൽ തേനുണ്ണാൻ
കൂട്ടുകൂടി  കൂടെവരാം ഞാൻ
കുഞ്ഞുമനസ്സിൻ വിരൽതുമ്പിലേറി
എങ്ങോട്ടാ നീ എങ്ങോട്ടാ
വർണ്ണം വിതറിയ ചിറകുകൾ വീശി
പാറിനടക്കും പൂമ്പാറ്റെ
ഉദ്യാനത്തിൻ  അരികുകൾതോറും
പാറിനടക്കും പൂമ്പാറ്റെ.

രേവതി ആർ
8-ബി

അനാഥത്വം

കൊഴിയുന്ന കാലങ്ങൾ
കാലങ്ങൾ  കൊഴിയുന്നു
ഓർമ്മകൾ മറയുന്നു
ജീവിതത്തിൻ പാതയിൽ
നൊമ്പരങ്ങൾ ബാക്കിയാക്കി
സ്വപ്നങ്ങൾ  മറയുമ്പോൾ
ജീവിതത്തിൻ മുള്ളുകൾ
കുത്തിഇളക്കുമ്പോൾ
കളിക്കൂട്ടുകാർ ഓടിമറയുമ്പോൾ
അനാഥത്വത്തിന്റെ നൊമ്പരത്തിൽ
സാക്ഷിയായി ഞാനും

വിഷ്ണു.എൻ
9-ബി

തേങ്ങുന്ന മാതൃഹൃദയം

പ്രകൃതി നമ്മുടെ മാതാവാണ്. അതിനാൽ പ്രകതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമ തന്നെയാണ് എന്നതിൽ സംശമില്ല.ഇക്കാലത്ത് പ്രകൃതി പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുകയാണ്.ഇതിൽ ഒരു പ്രദാന പ്രശ്നമാമ് മലിനീകരണം.വായു,ജലം,മണ്ണ് എന്നിങ്ങനെ പ്രകൃതിയിലെ സർവ്വചരാചരങ്ങളും മലിനീകരിക്കപ്പെടുകയാണ്.പ്രകൃതിയിലെ സർചരാചരങ്ങളും ഇതിന്റെ ദൂഷ്യഫലങ്ങളനുഭവിക്കുന്നു.ഇക്കാലത്ത് നാം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ജലക്ഷാമം. ഇക്കാലത്ത് ജലസ്ത്രോതസ്സുകളെല്ലാം മലിനീകരിക്കപ്പെടുകയാണ്. അതിനാൽ ഒരിറ്റു ജലത്തിനുവേണ്ടി എല്ലാവരും നെട്ടോട്ടമോടുന്നു. അതുപോലെ നമുക്ക് റോഡുവക്കുകളിലും തെരുവോരങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടിയിരിക്കുന്നത് കാണാൻ സാധിക്കുന്നു.ഇക്കാലത്ത് വീടുകളിൽ കുടുബാംഗങ്ങളേക്കാളേറെ വാഹനങ്ങളാണ്.വാഹനങ്ങളുടേയും ഫാക്ടറികളുടേയും എണ്ണം കൂടുന്നതിനനുസരിച്ച് വായുമലിനീകരണവും പെരുകിപെരുകിവരുന്നു.മലിനീകരണത്തിന്റെ പിടിവള്ളിയിലമരുന്ന ഒരു തലമുറയുടെ ബാക്കിപത്രങ്ങളായി മനുഷ്യസമൂഹം ഒതുങ്ങിയിരിക്കുന്നു.പ്രകൃതിയുടെ സമ്പത്തെല്ലാം വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് എന്ന ബോധ്യം അവർക്കില്ല.അതിനാൽ പ്രകൃതിയുടെ സൗന്ദര്യവും ലാവണ്യവും സംരംക്ഷിച്ചുകൊണ്ട് നമുക്ക് ഒത്തൊരുമയോടെ മുന്നേറാം.

രേവതി.പി
9 .എ

മറന്നു പോകുന്നത്

മറന്നു പോകുന്നത്...
നീണ്ട ഈ ഇരുളിൽ
കണ്ണുകൾക്ക് മുന്നിലെ പാത-
നഷ്ടമാകുമ്പോൾ
പ്രജ്ഞയിൽ പതുക്കെ കറുപ്പ്-
വ്യാപിക്കുമ്പോൾ
ഞാൻ മറന്നു പോകുന്നത്
മുന്നിലേക്കു നടക്കേണ്ട പാതയോ,
പിന്നിട്ടു കടന്നു വന്ന വഴികളോ
ഇന്നു ഞാൻ സ്വയം നിൽക്കുന്ന സ്ഥാനമോ?
മറന്നു പോകുന്നത്....
കൂടെ കൈ പിടിച്ചു നടന്നവരെയോ,
ചിന്തകളിൽ സൂര്യൻ ചൊരിഞ്ഞ
പ്രകാശത്തെയോ,
മഴവില്ലിനെ കണ്ടൊരു നാളിൽ
സ്നേഹിച്ചവർ കണ്ട സ്വപ്നങ്ങളോ,
കടന്നു വന്ന താളലയങ്ങൾ കൊണ്ട്-
അന്യർക്ക് കൊടുത്ത വാക്കുകളോ,
തളർന്നു കിടന്നൊരു നാളിൽ
പിടിച്ചുയർത്തിയ സ്നേഹങ്ങളെയോ....?
ഈ ഇരുളിൽ...
ഞാൻ മറന്നു പോകുന്നത് എന്നെത്തന്നെയോ...?

ശ്രേയ മുരളി
8-എ

ഒരിക്കലും തീരാത്ത മഴ

ഇന്ന് രാവിലെ  അപ്പു ഉണർന്നത്  ഒരു സ്വപ്നത്തോടെയാണ്.ആ സ്വപ്നം കണ്ടതുമുതൽ അവന് സൈക്കിൾ വേണമെന്ന് ആഗ്രഹമായി.അവൻ വേഗം എഴുന്നേറ്റ് അടുക്കളയിലേക്കോടി.അമ്മേ....അമ്മേ..എന്താമോനേ അമ്മ ചോദിച്ചു.എനിക്ക് സൈക്കിലഅ വേണം ഉണ്ണി പറഞ്ഞു.അതെന്താമോനെ ഇപ്പോൾ നിനക്കെന്താ ഇങ്ങനൊരു മോഹം.നീ ചെന്ന് അച്ചനോട് പറ,അവൻ വേഗം തന്നെ മുറിയിൽ ജോലിക്ക് പോകാ് ഒരുങ്ങി നില്ക്കുന്ന അച്ഛന്റഎ അടുത്തേക്ക് പോയി.അച്ഛാ എനിക്ക് സൈക്കിൾ വാങ്ങിത്തരുമോ?അതെന്താ മോനെ നിനക്ക് ഇപ്പോൾ ഇങ്ങനൊരു മോഹം,എനിക്ക് വേണമച്ഛാ അവൻ കരഞ്ഞ് വാശിപിടിച്ചു. നീ കരയണ്ടാ മോനേ അച്ഛൻ വൈകുന്നേരം വരുമ്പോൾ കൊണ്ടുവരാം കേട്ടോ....അവൻ  സന്തോഷത്തോടെ തുള്ളിച്ചാടി.അന്നവൻ സ്കൂൾ വിട്ട് നേരത്തെ എത്തി.അമ്മേ എച്ഛനെന്താ വരാത്തെ എന്ന ചോദ്യം മാത്രമായിരുന്നു അവന്റെ വായിൽ.അവൻ അച്ചൻ വരുന്നതും നോക്കി വരാന്തയിൽ ഇരുന്നു.അന്ന് നല്ല മഴയായിരുന്നു.ഉണ്ണിക്ക് പേടിയായി.അച്ചഛനെ ഓർത്ത് അവൻ ഏറെ വിഷമിച്ചു.പെട്ടെന്ന് ഒരു വാഹനം വീട്ടിലേക്ക് വരുന്നതായി അവന്റെ ശ്രദ്ധയിൽപ്പെട്ടു. വീടിന്റെ മുറ്റത്ത് ആൾക്കാർ കൂടി വന്നു.ഒന്നുമറിയാതെ ഉണ്ണി അത് നോക്കിയിരുന്നു.ഒരാൾ വെള്ള വസ്ത്രം ധരിച്ച ഒരാളെ കൊണ്ടുവരുന്നത് കണ്ടു.എല്ലാവരും കരയുന്നു.അപ്പോഴേക്ക് അവന്റെ അച്ഛൻ മരിച്ചിരുന്നു.അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞു.അവരുടെ കണ്ണീർ പോലെ തന്നെ ആ മഴയും അപ്പോഴും തുടർന്നുകൊണ്ടേയിരുന്നു.ഒരിക്കലും തീരാത്ത കണ്ണീർ മഴയായി.

അശ്വജിത്ത്

8 എ

മുതലയെ  പറ്റിച്ചേ

ആഹാരത്തിനു വഴി തേടി
ആറിൽ നിന്നൊരു മുതലച്ചൻ
കരയിൽകയറിയനങ്ങാതെ
കണ്ണുമടച്ചു കിടപ്പായി
കാട്ടുമുഴുക്കെ അലഞ്ഞിട്ടും
തിന്നാനൊന്നും കിട്ടാതെ
ആറിൻകരയിൽ ഇരതേടി
ആ വഴി വന്നു കുറുക്കച്ചൻ
അടുത്തുചെന്നാലപകടമാം
അടിച്ചുവിഴ് ത്തും മുതലച്ചൻ
അങ്ങനെ കരുതിയ നേരത്ത്
അടവു പയറ്റി കുറുക്കച്ചൻ
മുതലകൾ ചത്തു കിടക്കുമ്പോൾ
വാലാട്ടീടുക പതിവല്ലോ
അതു കേട്ടപ്പോൾ ആ നിമിഷം
വാലിട്ടാട്ടി മുതലച്ചൻ
അമ്പട മുതലേ  അതുവേണ്ടാ
അപ്പണി  കൈയിലിരിക്കട്ടെ
മുതലയെ നോക്കി കളിയാക്കി
ഓടി മറഞ്ഞു കുറുക്കച്ചൻ

അശ്വനി.ബി
10–ബി

പ്രത്യാശ

കൊഴിയുമെന്നോർത്തിട്ടും എത്ര പൂക്കൾ
സൗരഭമേകാൻ വിരിഞ്ഞിടുന്നു
പൊഴിയുമെന്നോർത്തിട്ടുമെത്ര പത്രം
മെല്ലെ  കിളിർനാമ്പ് നീട്ടിടുന്നു
ഉരുകുമെന്നോർത്തിട്ടുംഎത്രതിരി
വീണ്ടും വെളിച്ചം പരത്തിടുന്നു
മരണമുണ്ടെങ്കിലുമെത്ര ജീവൻ
വീണ്ടുമീമണ്ണിൽ കുരുത്തീടുന്നു
മായുമെന്നോർത്തിട്ടുംഎത്ര മാരി-
വില്ലുകൾമാനത്തുയർന്നിടുന്നു
പൊഴിയുമെന്നോർത്തിട്ടുമെത്ര
മഴത്തുള്ളി വീണ്ടുമീ ഭൂമിയിൽ വീണിടുന്നു
പൊഴിയുമെന്നോർത്തിട്ടുമെത്ര ത്തുവൽ
വിരിയുന്ന ചിറകിന് വർണ്ണമേകാൻ
തെറ്റുമെന്നെങ്കിലും എത്ര വരി
വീണ്ടുമെന്നുള്ളിൽ  വിരിഞ്ഞിടുന്നു

അനാമിക കെ

10.എ

രണ്ട് കവിതകള്

1

ദൈവത്തിന്റെ

വണ്ടിതട്ടി

ഞാന് മരിച്ചു

പിശാച് നിന്നെ രക്ഷപ്പെടുത്തി

നാം യാത്രചെയ്ത വഴിയിലെ

തണല്മരങ്ങളെ

തീതിന്നത്

കണ്ടിരുന്നുവോ.....

2

ഒരുനൊടി മിടിപ്പാണെങ്കിലും

പൊരുതി നില്ക്കണമെന്നൊരൂര്ജം

മണ്ണിലെറിഞ്ഞുപോം

മഴപ്പാറ്റ പോലും!

അനാമിക സന്തോഷ്

10 എ

ആസ്വാദനക്കുറിപ്പ്

മഴയുടെ കണ്ണീർത്തുള്ളികൾ

യുവ എഴുത്തുകാരി എ എസ് സന്ധ്യയുടെ കഥയാണ് മഴയുടെ കണ്ണീർ ത്തുള്ളികൾ.ഇന്നത്തെ തിരക്കിട്ട ജീവിതത്തിൽ ആരും മഴയെ ശ്രദ്ധിക്കുന്നില്ല.കൊഞ്ചിയെത്തിയിട്ടും വശ്യ മനോഹരിയായ നർത്തകിയായി എത്തിയിട്ടും ആരും അവളെ കണ്ടില്ല,കേട്ടില്ല,അറിഞ്ഞില്ല.

മഴയെ ഇവിടെ കഥാകാരി സ്ത്രീരൂപമായി അവതരിപ്പിക്കുന്നു.സ്മാർട്ട് ഫോണും കൈയ്യിൽ പിടിച്ചിരിക്കുന്ന അച്ഛൻ സ്വീകരണമുറിയിൽ ടി വി നിന്ന് കാണാവുന്ന കരയും മുഖങ്ങളിലേക്ക് കണ്ണുമിഴിച്ചിരിക്കുന്ന അമ്മയും അമ്മൂമ്മയും റോക്ക് മ്യൂസിക്കിനൊപ്പം ഡാൻസ് ചെയ്യുന്ന കിട്ടികൾ ഇവർക്കൊന്നും തന്നെ മഴയെ ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്ന് മഴ മനസിലാക്കുന്നു.ഒടുവിൽ രക്തദാഹിയായ യക്ഷിയായിട്ടു പോലും അവൾക്കു നൽകാൻ അവരുടെ കൈയ്യിൽ സമയമില്ല.

കാലം മാറി.വാഴയിലകൾ വർണ്ണക്കുടകളായി.കാവുകളും കുന്നുകളും കോൺക്രീറ്റുകെട്ടിടങ്ങളായി.വർണ്ണങ്ങൾ കാണിക്കാൻ എത്തിയിട്ടെ ആരും അവളെ നോക്കിയില്ല കെട്ടിടങ്ങളുടെ മുകളിൽ അൽപ്രം ശബ്ദമുണ്ടാക്കി തന്നെ വന്നുനോക്കി പക്ഷേ പാടാൻ കരുതിയ രാഗവും കേൾപ്പിക്കാൻ ആഗ്രഹിച്ച താളവും ആരും കേൾ ക്കാതെ പോയി.കുഞ്ഞിതോണികൾ തനിക്കു സമ്മാനിച്ച കുട്ടികളെ തേടിമഴ അലഞ്ഞു.കണ്ടെത്തിയതോ തണുത്ത മുറികളിൽ സമയം കഴിക്കുന്നവരെ കൈയ്യിൽ കരുതിയ കഥകളും പാട്ടുകളുമായി മഴ അലഞ്ഞു.കണടെത്തിയതോ തണുത്ത മുറികളിൽ സമയം കഴിക്കുന്നവരെ. കൈയ്യിൽ കരുതിയ കഥകളും പാട്ടുകളുമായി മഴ വീണ്ടും പടിയിറങ്ങിതന്നെ അറിയാൻ ആഗ്രഹിക്കുന്ന ഒരു മനുഷ്യ മനസ്സിനെ കാണുമെന്ന പ്രതീക്ഷയിൽ.

മാറുന്ന പുതുതലമുറയെ കുറിച്ചാണ് കഥകാരി ഇതിൽ സൂചിപ്പിക്കുന്നത്.മാറുന്ന കാലത്ത് ആർക്കും ഒന്നിനെയും ശ്രദ്ധിക്കാൻ സമയമില്ല.

ദൃശ്യ .ബി കെ

9.എ

യാത്രാമൊഴി

ഇന്നേക്ക് എത്ര നാളായി ഞാനീ കടൽകരയിൽ,നാലോ,അഞ്ചോ ഓർമ്മയില്ല! തിരകളെണ്ണിയെനിയും എനിയും എത്രനാൾ അറിയില്ല ഒന്നുമറിയില്ല.കണക്കുകൂട്ടലുകളിൽ പണ്ടേ മണ്ട കുറവായിരുന്നു.അതായിരിക്കാം എന്റെ ജീവതം കൂട്ടിയിട്ടും കുറച്ചിട്ടും ശരിയാകാത്തത്.ആരാ ശരി! ഈ ലോകത്ത് ആരും ശരിയല്ല.

സ്വന്തം മകളെ മനസ്സിലാക്കാത്ത അച്ഛനും അമ്മയും,എന്നും സന്തോഷിപ്പിക്കാൻ മാത്രം ശ്രമിച്ച കൂട്ടുകാർ,ആരോടും എനിക്ക് ഇത്തിരി വിദ്വേഷമില്ല.ഞാൻ തന്നെയാ എല്ലാത്തിനും കാരണം.....അങ്ങങ്ങനെ ഞാനെന്റെ മനസ്സിനെ പഠിപ്പിച്ചു.വീടിവിട്ടിറങ്ങിയിട്ട് ഇത്രയും ദിവസമായിട്ടും എന്നെ ആരും അന്വേ ഷിച്ചിട്ടുണ്ടാവില്ലേ?ആരന്വേഷിക്കാൻ അന്വേഷിക്കണ്ട ആരുമന്വേഷിക്കണ്ട.

ഉപ്പ് മണക്കുന്ന കടൽ കാറ്റുമെല്ലെ ഓർമ്മകളിൽ നിന്ന് വിളിച്ചുണർത്തി.കടൽക്കാക്കകളുടെ  കലമ്പലുകൾ. കണ്ണുകൾ താനേ  അടഞ്ഞു.  ഉറക്കച്ചടവിൽ കടൽ മാത്രം കണ്ണിൽ നിറഞ്ഞു. കടൽ മോഷ്ടിച്ച ജീവനുകളും കടലിനെ  മോഹിച്ച ജന്മങ്ങളും ഏറെ കുറേ കണ്ടു കഴിഞ്ഞു.ഓരോന്നാലോചിച്ച്  ഉറകത്തിലേക്ക് വീണു. ഉറക്കത്തിലെപ്പോഴോ ഞാൻ കരയുന്നുണ്ടായിരുന്നു.അല്ല അലറുന്നുണ്ടായിരുന്നു.ദാഹിച്ച തൊണ്ടയും ഒട്ടിയ വയറും ഇടയ്ക്കിടെ തട്ടി വിളിക്കുന്നുണ്ടായിരുന്നു.തിരിഞ്ഞും മറിഞ്ഞും കിടന്നു.

കടൽ കാക്കകളുടെ കലമ്പൽ കേട്ടാണ് കണ്ണ് വലലിച്ച് തുറന്നത്!അവർക്കെന്തോ കിട്ടികാണണം.ലോകത്തിലെ മുഴവൻ കടൽകാക്കകളും തന്റെ നേർക്ക് വരുന്നതുപോലെ തോന്നി. കടലിരമ്പിക്കൊണ്ടിരുന്നു.അടുത്തടുത്തേക്ക് ഓടി വന്നു.വായ തുറന്നപവെച്ച് കുറെ വെള്ളം കുടിച്ചു.ഇനിയൊരുറക്കത്തിനായി മണലിൽ തല ചായ്ച്ചു.കടൽ വന്ന് വിളിക്കുന്നു.പോകാം....മറ്റൊരു ലോകത്തിലേക്ക് മറ്റൊരു ജന്മത്തിലേക്ക്.........

അനശ്രീ.എം
10. എ

ആസ്വാദനക്കുറിപ്പ്

രമണൻ-ചങ്ങമ്പുഴ

മലയാളത്തിന്റെ ഓർഫ്യൂസ് എന്നറിയപ്പെടുന്ന ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയുടെ പ്രശസ്ത വിലാപകാവ്യമാണ് രമണൻ.കൂട്ടുകാരനായ ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാല മരണത്തിൽ അനുശോചിച്ചാണ് ഇദ്ദേഹം രമണൻ രചിച്ചത്. ഈ ഒറ്റ നാടകാവിഷ്കാരത്തിലൂടെ ചങ്ങമ്പുഴയെന്ന രചയിതാവ് ലോകപ്രശസ്തനായി.

മലയാള കവിതയുടെ ചരിത്രഗതിയിൽ വഴിത്തിരിവുണ്ടാക്കിയതും മലയാളികളുടെ ചുണ്ടുകളിൽ ഒഴുകി നടന്ന വിലാപകാവ്യവും കൂടിയാണിത്.പ്രണയത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് മൃത്യുവിന്റെ കരങ്ങളിൽ അഭയം തേടിയ രമണന്റെ പ്രണയകഥയാണ് ഈ കവിത ആവിഷ്കരിക്കുന്നത്.രമണനും ചന്ദ്രികയുമാണ് പ്രധാന കഥാപാത്രങ്ങൾ.മദനനും ദാനമതിയും മറ്റുകഥാപാത്രങ്ങളായി വരുന്നു. ചന്ദ്രികയുടെ മൃദുലമോഹന വാക്കുകളാൽ അവൾ രമണനെ സ്നേഹത്തിന്റെ സാഗരത്തിലേക്ക് വലിച്ചെറിയുന്നു. പിന്നീട് അവളുടെ പ്രണയം സാക്ഷാത്കരിക്കാനാവാതെ വന്നപ്പോൾ രമണനോട് ദേഷ്യവും പകയും ചന്ദ്രികയുടേയും ഒടുവിൽ മരണച്ചുളയിൽപ്പെട്ട രമണന്റേയും വിലാപങ്ങൾ കവിതയിൽ നമുക്ക് കാണാൻ സാധിക്കുന്നു.

ഇടപ്പള്ളി എന്ന പ്രണയഗായകന്റെ ആത്മാവ് ഏത് ഭൗതിക അക്രമങ്ങൾക്കും അതീതമായ നിത്യശാന്തിയെ പ്രാപിച്ചു കഴിഞ്ഞു. പ്രണയത്തിന്റെ ചുഴിയിൽപ്പെട്ട് കരയിലേക്ക് നീന്തിക്കയറാനാവാത്ത ഒരുപാട്പേരുണ്ട് ഈ ലോകത്തിൽ. അവരുടെ വേദനകൾ മനസ്സിലാക്കാനും നമുക്കത് ഉളക്കൊള്ളാനും മറ്റുള്ള വിലാപകാവ്യങ്ങൾ വായിക്കാനും ഇതുപോലുള്ള കവിതകൾ നമുക്കേവർക്കും പ്രചോദനമാകട്ടെ...മാത്രമല്ല അത്യാധുനികമീഡിയകൾ ഉപയോഗിച്ചുകൊണ്ടുള്ള കാര്യങ്ങളിൽ അധിഷ്ഠിതമാകാതിരിക്കാനും രമണൻ ഒരു മാതൃകയാകട്ടെ....

ദിയ ബി കെ
8.എ

വേദനിപ്പിക്കുന്ന മുള്ളുകൾ

ശ്രദ്ധേയയായ തമിഴ് സാഹിത്യകാരി ഭാമയുടെ"കുരുക്ക്"എന്ന നോവലാണ് "പനമുള്ള്"എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത്.തമിഴിലെ ദളിത് സാഹിത്യകാരിയെന്നീണ് ഭാമയെ വിശേഷിപ്പിക്കുന്നത് തന്നെ. പനമുള്ള് നമ്മെ എളുപ്പത്തിൽ മുറിവേൽപ്പിക്കുന്ന ഒന്നാണ്.അതുപോലെ കഥാകാരിയുടെ ആത്മാവിനെ മുറിവേൽപ്പിച്ച സംഭവങ്ങളാണ് ഈ ആത്മകഥാപരമായ നോവൽ.നമ്മുടെ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ ഭീകര ചിത്രം വരയ്ക്കുകയാണ് കഥാകാരി സമൂഹത്തിലെ പാവങ്ങളെ സേവിക്കുവാൻ കന്യാസ്ത്രീയായി കുറച്ചുകാലം ജീവിക്കുകയും അവിടെ പൊരുത്തപ്പെടാനാവാതെ മുഷിഞ്ഞ ഭാമ ആ തിരുവസ്ത്രം ഉപേക്ഷിക്കുകയായിരുന്നു.അവിടെയും ഉയർന്നത് ജാതി,മതം,പണം എന്നിവ സംബന്ധിച്ച പ്രശ്നങ്ങളായിരുന്നു.ജാതിയും മതവും പണവുമൊക്കെ അളവുകോലാക്കിമാറ്റുന്ന സമൂഹത്തിൽ നടക്കുന്ന പ്രശ്നങ്ങളാണ് ഈ നോവലിലുള്ളത്.ജനനം തൊട്ട് മരണം വരെ ജാതിയുടെയും പണത്തിന്റെയും പേരിൽ മാറ്റിനിർത്തപ്പെട്ട ജനങ്ങളുടെ കഥയാനിത്.

സാധാരണ വിദ്യാലയങ്ങളിൽ എല്ലാ വിദ്യാർത്ഥികൾക്കും തുല്യ സ്ഥാനവും പരിഗണനയുമാണ് ഉണ്ടാവേണ്ടത്.അവിടെ ജാതി വ്യത്യാസമോ പണമില്ലായ്മയോ നോക്കേണ്ടതില്ല.എക്കിലും അതിന്റെ പേരിൽ കൂടി വിദ്യാലയത്തിൽ മാറ്റിന്ർത്തപ്പെട്ട കഥാകാരിയുടെ നിഷ്കളക്കമായ മുഖം നമുക്കിതിൽ നിന്ന് വരച്ചെടുക്കാവുന്നതാണ്.വ്ദ്യാലയത്തിലും നാട്ടിലും എവിടെയും ജാതിയുടെ പേരിൽ ഒറ്റപ്പെട്ട വിവിധ സംഭവങ്ങൾ കോർത്തിണക്കിയാണ് ഈ കഥ രൂപപ്പെടുത്തിയിട്ടുള്ളത്.

ഇന്നും നിലന്ൽക്കുന്ന ജാതിവ്യവസ്ഥ ഇനിയെന്നു ന്ൽക്കും എന്ന ചോദ്യമാണ് ഊന്നുനിൽക്കുന്നത്.ജാതിയും മതവും നമ്മുടെ ഉയർച്ചകളിൽ ഒരു വലിയ പ്രതിസന്ധിയാകുമ്പോൾ അതിനെ ഈ പുസ്തകം നമുക്കൊരു പ്രചോദനമാകുന്നു..

നിവേദ് കെ
9.എ

മഴയെന്നപോലെ....

നേർത്തുപെയ്യും ഷവറിന്റെ
ചുവട്ടിൽ,വർഷഋതുവിൽ
കുളിപ്പിക്കുന്നു ഞാൻ നിന്നെ
ഇലകളിൽ മഴയെന്ന പോൽ.
പതയാൽ നീറും കണ്ണിൽ
അരുതെന്നു ജലധാരകൾ
ചുക്കാമണി തോണ്ടക്കളിക്കുന്നു
കുസൃതിയാലെൻ കണ്ണുകൾ.
കുളിരുതേടിയിറങ്ങുന്നു
കണങ്കാലിലെ രോമക്കാടുകൾ.
ചെമ്മരിയാടിൻകൂട്ടം
മേയുന്ന കൈത്തണ്ടകൾ
കാട്ടുഗന്ധങ്ങൾ പൂക്കുന്ന
നെഞ്ചിലെ കുന്നിൻ താഴ്വര.ജലവസന്തമുടിപ്പിയ്ക്കും
പ്രണയത്തിന്റെയനുഭൂതിയിൽ
നൊടിയിലായ് വിരൽത്തുമ്പിൽ
കുതിച്ചെത്തുന്നു ഗ്രീഷ്മങ്ങൾ.
മഴയേറ്റ ചെമ്പരത്തികൾ
ചാഞ്ഞുനിൽക്കുന്ന ചിണ്ടുകൾ
കൊലുസഴിഞ്ഞൂർന്നിറങ്ങുന്നു
ലജ്ജയാൽ ജലത്തുള്ളികൾ.
അകച്ചെണ്ടകൊട്േടിപ്പാടുന്നു
പ്രണയത്തിന്റെ കുളക്കോഴകൾ
ഷവറിനുതാഴെ വർഷ-
ഋതുവിന്നിലത്താളം

ആകാശ് കെ
9.ബി

ഭൂതകാല സ്മരണകൾ

മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ച്
കളകളമൊഴുകുന്ന പുഴതൻ കരയിൽ
നീ കളിത്തോണിയുണ്ടാക്കി കളിച്ചു രസിച്ചില്ലേ
ആ പുഴയെവിടെയിന്ന് ആ കളിയെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ച്
നിന്റെ മുറ്റത്തെ പാടവരമ്പിലൂടെ
നീയും നിന്റെ കളിത്തോഴിയും ഓടി നടന്നില്ലേ
ആ വയലെവിടെയിന്ന് ആ 'സഖി'യെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ത്തച്ച്
നിന്റെ വിദ്യാലയ മുറ്റത്തെ തേന്മാവിൻ കൊമ്പുകളിൽ
നീയും നിന്റെ  കൂട്ടുകാരും കളിച്ചു മതിച്ചില്ലേ
ആ മാവെവിടെയിന്ന് ആ കൂട്ടുകാരെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ
നിൻ ഭൂതകാലത്തെക്കുറിച്ച്....

നിവേദ് നാരായണൻ
9.എ

**മിഴിനീർപ്പൂ!**

ചെടിയിൽ വിടർന്നതു പനിനീർപ്പൂ
കാറ്റിലടർന്നതു പനിനീർപ്പൂ
ചെളിയിൽ പൂവിതൾ വീണൊരു നേരം
ചെടിയുടെ കരളില്ല-
മെന്നടെകവിളിലുമൂറിക്കൂടി
മിഴിനീർപ്പൂ!

**ആന**

കൊമ്പനൊരു സംഭവം.....
കൊമ്പിനെന്തു ചന്തം
തുമ്പിയെന്തു നീളം
കുമ്പയെന്തുവണ്ണം!
അമ്പലത്തിൻ മുറ്റത്ത്
ചെമ്പകത്തിൻ ചോട്ടിൽ
കൊമ്പനൊരു സംഭവം!

ഘനശ്യാം.എം
9.ബി

## സ്നേഹം

കിനാവ് നമുക്ക് സ്വന്തമല്ല
പുലരുമ്പോൾ മറഞ്ഞിടും
നിലാവും നമുക്ക് സ്വന്തമല്ല
ഓർമ്മകൾ പിന്നെയും തൊട്ടുണർത്തും
സ്വന്തമെന്ന് നെഞ്ചോടു ചേർത്ത്
പറയാൻ
വാങ്ങിയും കൊടുത്തും കൊതിതീരാത്ത
സ്നേഹം മാത്രം

## ഭ്രഷ്ട്

കരച്ചിലിന്റെ
സവർണമഞ്ചം
ഓഹോയ് മുഴക്കി
കുതിച്ചെത്തി!
നെടുവരമ്പിൽ നിന്നും
ഒരു തീണ്ടൽപാടകലേക്ക്
ചിരി പതുങ്ങിമാറി
നോവലാത്ത
കനൽപ്പാടത്ത്
കരച്ചിൽ അകലുന്നതും നോക്കി
ഒരു ദളിതനെപ്പോലെ
ഇടവരമ്പിലിന്നും
ചിരി ഓച്ഛാനിച്ചുനിൽക്കയാണ്!

അനഘ ടി.വി
9 എ

പെൺകൊട

നാട്ടുചുറ്റിത്തിരിഞ്ഞും വിവശം
കാല്തളര്ന്നും കുഴഞ്ഞുവീഴുമ്പോള്
തോള്പിടിച്ചെഴുന്നേല്പ്പിച്ചുനാവില്
പ്രേമവര്ഷം ചുരത്തിയൊരുത്തി
കണ്ണുപൊട്ടിയിരുട്ടില്പതഞ്ഞു
കാലനങ്ങാതിടറിനില്ക്കുമ്പോള്
ഉണ്ടൊരുത്തി തന്കണ്ണുകള് രണ്ടും
ഊരി,കാണെടോ എന്നുനീട്ടുന്നു.
വാക്കുവറ്റാത്ത മാന്ത്രികപ്പോഞ്ചി
വേറൊരുത്തിയൊരിക്കലേല്പ്പിച്ചത്
വറ്റിവറ്റി വരണ്ടുപോകുമ്പോള്
പച്ചയാകും വരം തന്നൊരുത്തി
എത്ര തോറ്റുഉലഞ്ഞുപോയാലും
പിന്നെയും ചിരിച്ചങ്ങനെ നില്പ്പിന്
സൂത്രമോ വേറൊരുത്തിതന് പാഠ
ശാലയില് നിന്നു സാധകം ചെയ്തത്
പെണ്കളോടു ഭിക്ഷമേടിച്ചവപെണ്കൊട
നാട്ടുചുറ്റിത്തിരിഞ്ഞും വിവശം

കാല്തളര്ന്നും കുഴഞ്ഞുവീഴുമ്പോള്

തോള്പിടിച്ചെഴുന്നേല്പ്പിച്ചുനാവില്

പ്രേമവര്ഷം ചുരത്തിയൊരുത്തി

കണ്ണുപൊട്ടിയിരുട്ടില്പ്പുതഞ്ഞു

കാലനങ്ങാതിടറിനില്ക്കുമ്പോള്

ഉണ്ടൊരുത്തി തന്കണ്ണുകള് രണ്ടും

ഊരി,കാണെടോ എന്നുനീട്ടുന്നു.

വാക്കുവറ്റാത്ത മാന്ത്രികപ്പോഞ്ചി

വേറൊരുത്തിയൊരിക്കലേല്പ്പിച്ചത്

വറ്റിവറ്റി വരണ്ടുപോകുമ്പോള്

പച്ചയാകും വരം തന്നൊരുത്തി

എത്ര തോറ്റുതളഞ്ഞുപോയാലും

പിന്നെയും ചിരിച്ചങ്ങനെ നില്പ്പിന്

സൂത്രമോ വേറൊരുത്തിതന് പാഠ

ശാലയില് നിന്നു സാധകം ചെയ്തത്

പെണ്കളോടു ഭിക്ഷമേടിച്ചവ

ഒക്കെയും ഊരിമാറ്റിയാല് കാണി

ല്ലൊന്നുമേ ബാക്കിയെന്റെയീ ദുഖ

ച്ചെമ്പരത്തിയും പെണ്പിറപ്പുക്കള്.....

ഒക്കെയും ഊരിമാറ്റിയാല് കാണി

ല്ലൊന്നുമേ ബാക്കിയെന്റെയീ ദുഖ

ച്ചെമ്പരത്തിയും പെണ്പിറപ്പുക്കള്.....

കാർത്തിക മാധവൻ
9.എ

മുഴവൻ ശക്തിയും

പറമ്പിൽ പണി എടുക്കുകയായിരുന്നു വിനുവിന്റെ അച്ഛൻ.അച്ഛനെ ഒന്ന് സഹായിക്കാമെന്ന് കരുതി വിനുവും ഒപ്പം കൂടി.അപ്പോൾ അച്ഛൻ പറഞ്ഞു:"മോനേ, ആ കല്ല് ഒന്ന് മാറ്റാമോ ?എങ്കിൽ അവിടെയും വൃത്തിയാക്കാം!" വിനു ആ കല്ല് തള്ളിമാറ്റാൻ ശ്രമിച്ചു.
"അച്ഛാ, ഈ കല്ല് അനങ്ങുന്നില്ല!"ഇതുകേട്ട് അച്ഛൻ വിളിച്ചുപറഞ്ഞു: "നിന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് തള്ളിനോക്ക്!"അവൻ പിന്നെയും കല്ല് തള്ളി. ഒരു രക്ഷയുമില്ല.വിനു വീണ്ടും വിളിച്ചുപറഞ്ഞു: "അച്ഛാ എനിക്ക് പറ്റുന്നില്ല!"
അപ്പോൾ അച്ഛൻ അങ്ങോട്ട് വന്നിട്ട് ചോദിച്ചു: "നിന്റെ എല്ലാ ശക്തിയും ഉപയോഗിക്കാനല്ലേ പറഞ്ഞത്?"
"എന്റെ എല്ലാ ശക്തിയും എടുത്തിട്ടും ഇത് അനങ്ങുന്നില്ല!"
അച്ഛൻ ചിരിച്ചു കൊണ്ട് ചോദിച്ചു :"അപ്പോൾ നീ എന്നെ മറന്നോ? നിനക്ക് എന്റെ സഹായം ചോദിക്കാമായിരുന്നില്ലേ? നിന്റെ ശക്തിയായിഎന്നെ കാണാതിരുന്നതെന്താ?"
അച്ഛൻ തുടർന്നു: "ഇങ്ങനെയാണ് പലരും.എന്തെങ്കിലും സ്വന്തമായി ചെയ്തത് പരാജയപ്പെട്ടാൽ നിരാശരാവും.പിന്നെ അതിന്റെ സങ്കടമായിരിക്കും.
എന്നാൽ തന്റെ ചുറ്റുമുള്ള ശക്തികളെ ആ സമയം ആരും കാണാറുമില്ല.അവരുടെ സഹായം കൂടി തേടിയാലോ, പ്രശ്നങ്ങൾ ലളിതമായി പരിഹരിക്കുകയും ചെയ്യാം.സ്വന്തം മാതാപിതാക്കളും അധ്യാപകരും സുഹൃത്തുക്കളുമെല്ലാമാണ് ഞാൻ പറഞ്ഞ ഈ ശക്തി!"
പിന്നീട് വിനു അച്ഛന്റെ സഹായത്തോടെ ആ കല്ല് ഉരുട്ടി മാറ്റുകയും ചെയ്തു.

തൃഷ്ണമണി
10 എ

നന്ദികേശന്റെ ശാപം

കൈലാസത്തിൽ പാർവ്വതി ഇല്ലാതിരുന്ന ഒരു ദിവസം ശിവൻ നന്ദികേശനോട് പറഞ്ഞു ഞാനൊരു തപസാരംഭിക്കുകയാണ്.ഒരു കാരണവശാലും ഇവിടേക്ക് ആരേയും കടത്തിവിടരുത്.എന്റെ തപസ്സിന് ഒരു ഭംഗവും വരുത്തരുത്.

നന്ദികേശൻ വിനയത്തോടെ ആ ചുമതല ഏറ്റെടുത്തു.

അങ്ങനെ പരമശിവൻ തപസ്സാരംഭിച്ചു. നന്ദികേശൻ തൊട്ടുമുന്നിൽ ഒരു പാറയോട് ചേർന്നു നിന്നു. മരത്തിൽ ചാരിയിരുന്നു. നല്ല തണുത്ത കാറ്റേറ്റ് നന്ദികേശൻ അറിയാതെ മയങ്ങിപ്പോയി. അപ്പോഴാണ് പരമശിവനെ കാണാൻ നാരദൻ കൈലാസത്തിലെത്തിയത്. തപസ്സിൽ മുഴുകിയിരുന്ന പരമശിവനെ നാരദൻ കണ്ടു. അദ്ദേഹത്തിന്റെ തപസ്സിന് വിഘ്നം വരുത്തുന്നത് അപകടമാണെന്ന് അറിയാവുന്ന നാരദൻ പാർവ്വതിയെ കണ്ടിട്ട് പോകാമെന്ന് തീരുമാനിച്ചു. പാർവ്വതിയെ അന്വേഷിച്ച് നടന്നെങ്കിലും അവിടെയെങ്ങും കണ്ടെത്താൻ നാരദന് കഴിഞ്ഞില്ല. പിന്നെ ഒരിക്കൽ വരാമെന്ന് കരുതി നാരദൻ തിരിച്ചു നടന്നു. പോകുന്ന പോക്കിൽ നാരദൻ ഒരു കാഴ്ച കണ്ടു. വിശാലമായ ഒരു പാറപ്പുറത്ത് പക്ഷികളും കാട്ടുമൃഗങ്ങളും വട്ടമിട്ടിരുന്ന് ഏതോ കാര്യം ഗൗരവമായി ചർച്ച ചെയ്യുന്നു.

നാരദൻ തെല്ലൊന്നമ്പരന്നു. അവയുടെ കണ്ണിലെങ്ങാനൊന്നും അകപ്പെട്ടാൽ........

അന്ന് പക്ഷികൾക്കും മൃഗങ്ങൾക്കും സംസാരിക്കാനുള്ള കഴിവുണ്ടായിരുന്നു. അവർ ആ കഴിവിൽ അഹങ്കരിക്കുകയും പരസ്പരം കലഹിക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ അവരെല്ലാം നാരദരെ ആക്രമിച്ചരുമാണ്. അന്ന് ഭാഗ്യത്തിന് രക്ഷപ്പെട്ടു. അന്നേ തീരുമാനിച്ചതാണ് അവറ്റകളുടെ അഹങ്കാരം കുറയ്ക്കണമെന്ന്. പിന്നീട് ആ കാര്യം മറന്നുപോയി.

പക്ഷികളും മൃഗങ്ങളും നാരദനെ കണ്ടു. "ദാ, വരുന്നു നുണയൻ മുനി.... "കടുവ വിളിച്ചുപറഞ്ഞു.

നാരദൻ ഞെട്ടലോടെ അവരെ നോക്കി. അവയൊന്നടങ്കം തന്നെ ആക്രമിക്കാനുള്ള തയാറെടുപ്പിലാണെന്ന് നാരദന് മനസ്സിലായി.

എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്ന് നാരദൻ ഉറപ്പിച്ചു. ഭയത്തോടെ നാരദൻ ചുറ്റും നോക്കി. പിന്നിൽ അത്യുഗ്രമായ പർവ്വതനിരകൾ. മുന്നിൽ മഞ്ഞുരുകി കരകവിഞ്ഞൊഴുകുന്ന ഗംഗാനദി.

പെട്ടെന്ന് നാരദന്റെ മനസ്സിൽ ബുദ്ധി ഉദിച്ചു. അപ്പോഴേക്കും മൃഗങ്ങൾ നാരദനു നേരേ പാഞ്ഞുവന്നു. ധൈര്യം സംഭരിച്ചുകൊണ്ട് നാരദൻ അവയുടെ അടുത്തേക്ക് നടന്നു. പക്ഷികളും മൃഗങ്ങളും അത്ഭുതപ്പെട്ടു.

"ങേ! ശത്രു ഞങ്ങളുടെ നേർക്ക് വരികയോ."

"ഞാൻ നിങ്ങളെ തിരക്കി എവിടെയെല്ലാം നടന്നു.... "അവരുടെ അടുത്തെത്തി നാരദൻ പറഞ്ഞു.

"എന്തിനാണ്...." അവർക്ക് അത്ഭുതമായി. "നാരായണ..... നാരായണ.... നിങ്ങളെ ഒന്നടങ്കം നശിപ്പിക്കാൻ വേണ്ടി പരമശിവൻ മഹാവിഷ്ണുവിനെ തപസ്സുചെയ്യുന്നു..."

"ങേ ? ഞങ്ങളെ നശിപ്പിക്കാൻ തപസ്സുചെയ്യുന്നോ.... എന്തിന്?" മൃഗരാജാവായ സിംഹം ചോദിച്ചു.

"എന്തിനെന്നോ ശിവപാർവ്വതിമാരെ നിങ്ങൾ സ്വൈര്യമായി ജീവിക്കാൻ സമ്മതിക്കുന്നില്ലത്രെ! പരമശിവൻ തപസ്സ് ചെയ്യുമ്പോൾ അഹങ്കാരികളായ നിങ്ങൾ ബഹളമുണ്ടാക്കുന്നു...."നാരദൻ പറഞ്ഞു.

"ഓഹോ അങ്ങനാണല്ലേ?"
നാരദന്റെ വാക്കുകൾ കേട്ട് പക്ഷികളും മൃഗങ്ങളും ഒന്നടങ്കം കൈലാസത്തിലേക്ക് പോയി.
തന്റെ തന്ത്രം ഫലിച്ചതിന് നാരദൻ ഉള്ളിൽ ചിരിച്ചു.
മൃഗങ്ങളുടേയും പക്ഷികളുടേയും ആർപ്പുവിളികളും അട്ടഹാസങ്ങളും കേട്ട് നന്ദികേശൻ മയക്കത്തിൽ നിന്നും ഞെട്ടിഉണർന്നു.അപ്പോഴാണ് പക്ഷികളും മൃഗങ്ങളും വരുന്നത് നന്ദികേശൻ കണ്ടത്.ഉടൻതന്നെ അവരുടെ അടുത്തേക്ക് ചെന്ന് നന്ദികേശൻ പറഞ്ഞു.
"അദ്ദേഹം തപസ്സടെയ്യുകയാണ്.അതിന് ഭംഗം വരാൻ പാടില്ല.ദയവ് ചെയ്ത് നിങ്ങൾ പിന്നെ വരൂ......."
"പോകാനല്ല ഞങ്ങൾ വന്നത്.ഞങ്ങളെ നശിപ്പിക്കാനല്ലെ അദ്ദേഹം തപസ്സ് ചെയ്യുന്നത്.കാട്ടാളനെ ഞങ്ങൾ കൊല്ലാൻ വന്നതാ. കൊല്ലാതെ ഞങ്ങൾ പോവില്ല...."സിംഹം അലറി.കാര്യം അപകടമാണെന്ന് അറിഞ്ഞപ്പോൾ നന്ദികേശന് കോപം നിയന്ത്രിക്കാനാവില്ല.അടുത്ത നിമിഷം നന്ദികേശൻ അവരെ ശപിപ്പിച്ചു.
"നിങ്ങളുടെ സംസാരശേഷിയെല്ലാം ഇന്ന് കൊണ്ട് നശിച്ചുപോകട്ടെ,ന്ങ്ങൾ പരസ്പരം ശത്രുക്കളായി തീരട്ടെ... തമ്മിൽ തമ്മിൽ പൊരുതിമരിക്കാൻ ഇടവരട്ടെ."കോപാകുലനായ നന്ദികേശന്റെ ശാപം ഫലിച്ചു.
അന്നുമുതൽ അവരുടെ സംസാരശേഷി എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.അവയിന്നും പരസ്പര ശത്രുക്കളായി കഴിയുന്നു.

അനന്യ ടി.എ
8 എ

മൺമറഞ്ഞ അനുഭവം

ഞാൻ ഇന്ന് അതിരാവിലെ എഴുന്നേറ്റു.മുറ്റത്തു പോയി ഇരുന്നു.അപ്പോഴാ ഓർത്തത് ഇന്ന് നമ്മളെല്ലാവരും മൂകാംബികയിൽ പോകുന്നുവെന്ന് തീരുമാനിച്ചിരുന്നു.വേഗം തന്നെ റെഡിയായി.ഞാനും ചേച്ചിയും അമ്മയും അച്ഛനും മൂത്തമ്മയും മുത്തപ്പനും പാപ്പനുമായിരുന്നു മൂകാംബികയിൽ പോകാനിരുന്നത്. മെയ് അവധിയിലായിരുന്നു നമ്മൾ പോയിരുന്നത്.യാത്രയ്ക്ക് തുടക്കമായി.മുന്നോട്ട് നീങ്ങുമ്പോൾ പല പല മനോഹരമായ ദൃശ്യങ്ങൾ എന്റെ മനസ്സിൽ പ്രകടമായി.പച്ചപ്പരവതാനി വിരിച്ചൊരു മനോഹരമായ വയൽ,മൂളിപ്പാട്ട് പാടി പറന്നിനടക്കുന്ന മനോഹരമായ പക്ഷികൾ എന്നിങ്ങനെ മനോഹരമായ കാഴ്ചകൾ എനിക്ക് ആകർഷകമായി തോന്നി.കാസർഗോഡ് എത്തിയപ്പോൾ ചായ കുടിച്ചു.യാത്രയ്ക്ക് തുടക്കമായി.ഞാൻ നല്ല മയക്കത്തിലായിരുന്നു.മയങ്ങിക്കഴിഞ്ഞപ്പോഴേക്കും സ്ഥലം എത്താറായതേയുള്ളൂ.മൂകാംബികയിൽ എത്തി അവിടെ നിന്ന് റൂമെടുത്ത് ഫ്രഷായശേഷം അമ്പലത്തിൽ പോയി മൂകാംബിക ദേവിയെ പ്രാർത്ഥിച്ചു. ശേഷം പ്രസാദം വാങ്ങി പുറത്തിറങ്ങിയപ്പോൾ ചന്തയ്ക്ക് നേരെ എന്റെ കണ്ണ് പോയി. അച്ഛനോട് എന്തൊക്കെയോ വാങ്ങിത്തരാൻ പറഞ്ഞു അപ്പോഴേക്കും എന്റെ മൂത്തമ്മ എന്നെ വഴക്ക് പറഞ്ഞു.അച്ഛൻ ഞാൻ പറഞ്ഞ സാധനം വാങ്ങിത്തരാൻ തയാറായി. എനിക്ക് ഏറെ സന്തോശമായി. യാത്ര മടങ്ങി.വീട്ടിലെത്തി.

നന്ദന രമേശ്
9 എ

പറയുവാനുള്ളത്

വെറുതേയിരുന്നു ഞാൻ പാടുന്നു
വിഹ്വല നിമിഷങ്ങളേ നീ ഒഴിഞ്ഞുമാറൂ
പതിരറ്റ മിഴികളും പകയറ്റ നോട്ടവും
നുകരാൻ കൊതിക്കുന്നൊരാനനമായ്
സുസ്നിഗ്ധമാക്കിടും സ്പർശവും
വാഴ്വിന്റെ നിറമാർന്ന കേവലാഹ്ലാദങ്ങളും
താരകം പോലെ ചിരിക്കുവാനും
സാധിക്കുമാറൊരു മർത്ത്യനായ് നീ
എൻ ചുണ്ടിലലിവിൻ നിറമണിഞ്ഞു
നിൻ സ്വപ്നം ഞാനോ തകർത്തുടക്കി
വിതുമ്പാൻ കൊതിക്കുന്ന കണ്ണുകളാൽ
നീ എത്തുമെൻ മുന്നിലെന്നുമെന്നും
പറയുവാനിനിയും കൊതിക്കുവാഞാൻ
കാർമേഘം വീണ്ടും വിതുമ്പും പോലെ
ചിറകടിയല ശബ്ദം കേൾക്കും പോലെ
കടലിരമ്പിൻ ശ്രുതി മീട്ടും പോലെ
നിൻ മനസ്സിൽ ഞാൻ രാഗമായി
എന്നഴകിൽ നീ പറവയായി
പറക്കാം ഇനിയും ഇനിയും ദൂരെ
വിഹായസ്സിലലിയാൻ ശ്രമിക്കുവിൻ നീ.....

വൈഗ
8. ബി

ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ്-പുറന്താൾ കുറിപ്പ്

സത്യത്തിന്റേയും അഹിംസയുടേയും മാഹാത്മ്യത്തെ പ്രകീർത്തിക്കുക മാത്രമല്ല,സ്വജീവിതത്തിലൂടെ അത് പ്രാവർത്തികമാക്കുക കൂടി ചെയ്തു എന്നതാണ് ഗാന്ധിജിയെന്ന മനുഷ്യസ്നേഹിയുടെ നിത്യനൂതനത്വം.ആ മഹാത്മാവിന്റെ ബാല്യകാലം മുതൽ അവസാന നിമിഷം വരെയുള്ള ജീവിതത്തിലെ ചില സുപ്രധാനസംഭവങ്ങൾ ഉൾക്കൊള്ളിച്ച പി.ടി.മുരുകച്ചന്റെ ഒരു പുസ്തകമാണ് 'ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ്' എന്നത്.

ജടിലങ്ങളും സങ്കീർണങ്ങളുമായ ഇന്നത്തെ എല്ലാ ജീവിതപ്രശ്നങ്ങളേയും സത്യത്തിന്റെയും അഹിംസയേയും ദിവ്യദീപ്തിയിൽ വീക്ഷിക്കുകയും ആ വെളിച്ചത്തിലൂടെ അവയെ വിലയിരുത്തുകയും ചെയ്തു എന്നതാണ് ഗാന്ധിയൻ ചിന്താഗതിയുടെ വൈശിഷ്ട്യം.സത്യത്തിന്റെയും അഹിംസയുടെയും മാഹാത്മ്യത്തെ ഊന്നിപ്പറയുക മാത്രമല്ല,സ്വജീവിതത്തിലൂടെ അത് പ്രാവർത്തികമാക്കുക കൂടി ചെയ്തു എന്നതാണ് ഗാന്ധിജിയുടെ ജീവിതത്തെ നിത്യനൂതനമാക്കുന്നത്.ആദർശങ്ങൾക്കുവേണ്ടി ദാഹിക്കുന്നതോടൊപ്പം,അതിനായി ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്തു ആ മഹാത്മാവ്.സഹകരണത്തിന്റെയും സന്മനോഭാവത്തിന്റെയും ദിവ്യദീപ്തിയിൽ പുലരുന്ന ഒരു രാഷ്ട്രത്തെ വിഭാവനം ചെയ്ത ആ പവിത്ര ജീവിതത്തെ പിന്തുടരുന്ന ജീവചരിത്ര ഗ്രന്ഥമാണീ പുസ്തകം.ഗാന്ധിയൻ ചിന്തയുടെ പ്രായോഗികത തർക്കവിഷയമാകുന്ന ഇന്നത്തെ സാഹചര്യത്തിൽ,അന്ത്യശ്വാസത്തോളം പ്രവാചകതുല്യമായ പരിശുദ്ധിയും ആത്മാർഥതയും ജീവിതത്തിൽ കാത്തുസൂക്ഷിച്ച ആ യുഗപുരുഷന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും പ്രസക്തിയേറുകയാണ്.

വൈഗ എം
8.എ

കരിമുകിൽ വന്നേ

കരിമുകിലെ.... കരിമുകിലെ....
നിൻദ്ദേഹം നീലിച്ചല്ലോ
കരിമുകിലെ.... കരിമുകിലെ....
നിൻ ചുണ്ടു കറുത്തല്ലോ
നിന്റെ കണ്ണിൽ വിങ്ങി-
നിൽക്കുമാ വെള്ളം
ഒന്ന് താഴേക്ക് തരുമോ.
പാവപ്പെട്ട മനുഷ്യരുടെ-
ദാഹമൊന്ന് മാറ്റി തരുമോ....
പൊട്ടിച്ചിരിക്കുന്ന വെയിലിന്റെ
കരയുന്ന മനസ്സാക്കി തരുമോ....
കരിമുകിലെ.... കരിമുകിലെ....

സാന്ദ്ര വി വി
8 എ

**ചക്കപ്പഴം**

തേനൂറുന്നൊരു പഴമാണേ
തേൻരുചിയുള്ളൊരു പഴമാണേ
കണ്ടാൽ ഞാനൊരു കേമത്താൻ
തിന്നാൽ നാവിൽ കൊതിയൂറും
ചുളു ചുളു ചുളകൾ അടുക്കീട്ട്
ചവിണീം വള്ളീം കെട്ടീട്ട്
മുള്ളിൻ വേലി തീർത്തിട്ട്
അകത്തിരിക്കും കുഞ്ഞന്മാർ!

നിവേദ് പി
8–എ

**കേമത്തം**

കൊമ്പും തുമ്പിയുമില്ലല്ലോ
കുംഭ കുലുക്കാനില്ലല്ലോ
കൊച്ചുകുറുമ്പുകളില്ലല്ലോ
വമ്പു പറയാനില്ലല്ലോ
എങ്കിലുമിത്തികേമത്തം
എങ്ങനെ വന്നെന്നറിയാമോ
മണ്ണിലൊളിച്ചു കിടന്നീടും
ഞാനിമൊന കുഴിയാന........

അമേയ
8 എ

മാന്ത്രികക്കുടവും മുത്തശ്ശിയും!

പണ്ടുപണ്ട് ഇംഗ്ളംണ്ടിലെ ഒരു ഗ്രാമത്തില്ഒരു മുത്തശ്ശി ഉണ്ടായിരുന്നു.എന്നും ചന്തയില് സൂപ്പുമായി എത്തുന്ന ആ മുത്തശ്ശി എവിടുന്നു വരുന്നുവെന്നോ, പേരെന്താണെന്നോ എന്നൊന്നും ആര്ക്കും അറിയില്ല.പക്ഷേ, അവര് കൊണ്ടുവരുന്ന സൂപ്പിന് ഉഗ്രന് സ്വാദായിരുന്നു.

മുത്തശ്ശിയുടെ സൂപ്പ് ഏറെ ഇഷ്ടമായിരുന്നു കാരേ്ലാ എന്ന കുട്ടിക്ക്. ഈ മുത്തശ്ശിയുടെ വീട് എവിടെയായിരിക്കും?ഒന്നു കണ്ടുപിടിച്ചാലോ?ഒരിക്കല് കാരേ്ലാ ചിന്തിച്ചു.

ഒരു ദിവസം സൂപ്പെല്ലാം വിറ്റു തീര്ന്നപ്പോള് മുത്തശ്ശി പാത്രവുമെടുത്ത് പോകാനൊരുങ്ങി.അപ്പോള് നമ്മുടെ കാരേ്ലാ എന്തു ചെയ്തെന്നോ?മുത്തശ്ശി അറിയാതെ പിന്നാലെ വച്ചുപിടിച്ചു.അങ്ങനെ നടന്നുനടന്ന് മുത്തശ്ശി ഒരു കുന്നിന്റെ മുകളിലെത്തി. മുത്തശ്ശിയുടെ പിന്നാലെ കാരേ്ലായും.

കുന്നിന്റെ ഏറ്റവും മുകളിലെത്തിയപ്പോള് അവിടെയതാ മുത്തശ്ശിയുടെ വീട്. ആ കൊച്ചു കുടിലില് തന്റെ ഒഴിഞ്ഞ കുടം കൊണ്ട് വച്ച് മുത്തശ്ശി പുറത്തു വന്നു. കാരേ്ലാ ഇതെല്ലാം നോക്കി ഒരു മരത്തിനു പിന്നില് മറഞ്ഞുനില്പ്പുണ്ടായിരുന്നു. പിന്നെ മുത്തശ്ശി ചെന്നത് ഒരു ഭീമന് കുടത്തിനുള്ളിലേക്കു നോക്കി മുത്തശ്ശി പാടാന് തുടങ്ങി:

"മാജിക് കുടമേ,മാജിക് കുടമേ

സൂപ്പുണ്ടാക്കിത്തരണേ നീ

സ്വാദേറുന്നൊരു സൂപ്പുണ്ടെങ്കില്

ചന്തയില് കോണ്ടു വില്ക്കാലോ!"

പെട്ടെന്ന് അവിടമാകെ സൂപ്പിന്റെ മണം പരന്നു.കാരേ്ലായ്ക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാന് കഴിഞ്ഞില്ല.ഭീമന് കുടത്തിനുള്ളില് നിന്നും ആവിപറത്കുന്നത് കാരേ്ലാ കണ്ടു. മുത്തശ്ശി ഒരു വലിയ മൂടി എടുത്ത് ഭീമന് കുടം അടച്ചു വച്ചു. എന്നിട്ട് കുടിലിന്റെ ഉള്ളിലേക്ക് പോയി.

ഈ സമയം മരത്തിനു പിന്നില് നിന്നും കാരേ്ലാ ഭീമന് കുടത്തിനടുത്തെത്തി. അതിന്റെ മൂടി തുറന്നു  നോക്കി. അതില് നിറയെ സ്വാദുള്ള സൂപ്പ്!നല്ല വിശപ്പുണ്ടായിരുന്ന കാരേ്ലാ വേഗം കുറച്ച് സൂപ്പെടുത്ത് കുടിച്ചു.

നിവേദ് മോഹൻ

8–എ

## പ്രകൃതിയും മനുഷ്യനും

പ്രകൃതിയും മനുഷ്യനും
ഒത്തു ചേർന്ന ദിനം വന്നു
മാമയിൽപ്പീലിയിൽ
ആടുന്ന പൂവുകൾ
പൂമ്പാറ്റകൾ പിന്നെ
ആടുന്ന ചില്ലകൾ
ഒരു ദിനം നാം വരും
ഇന്ന് നാമൊന്ന്
പ്രകൃതിയൊന്ന്...

അനാമിക ടി വി
8 എ

ആരാണ് ?

മൂ മൂ മൂളണതാരാണ്
മൂമൂ മൂമൂ മൂങ്ങച്ചൻ
ക്രീ ക്രീ കരയണതാരാണ്
ക്രീ ക്രീ ക്രീ ക്രീ ചീവീട്
മിന്നിനടക്കണതാരാണ്
മിന്നും മിന്നാമിനുങ്ങാണ്

*അർജ്ജുൻ ഇ*
*8 എ*

**ആകാശം**

ആകാശമുണ്ടൊരു
വെള്ളാനപോലെ
അമ്പിളിയുണ്ടൊരു
പപ്പടം പോലെ
നക്ഷത്രമൊക്കെയും
ഉപ്പേരിപോലെ
മേഘങ്ങളയ്യോ
കരിമ്പാറപോലെ

അഞ്ജന എം
8 എ

**പാറി വന്ന വണ്ട്**

പാറി നടക്കും വണ്ട്
മൂളിപ്പാടുന്നുണ്ട്
മൂളിപ്പാടും വണ്ട്
പൂവിലിരികുന്നുണ്ട്
പൂവിലിരിക്കും വണ്ട്
പൂന്തേനുണ്ണുന്നുണ്ട്
പൂന്തേനുണ്ണും വണ്ട്
പാറിപ്പോയതു കണ്ടേ

അനീഷ് ടി
8 എ

പെരുമഴക്കാലം

പൂക്കാത്ത വസന്തമായി പെയ്യാത്തമഴയായി
മനസ്സിൽ വിങ്ങുന്ന പ്രവാഹസന്നദ്ധമായി
കാത്തിരിക്കുമ്പോഴൊക്കെയും കാലം ഒഴുകുന്നു
എന്നേയും നിന്നേയും പിന്നെ നമ്മളേയും
ഇനിയുമൊരു വസന്തം വന്നീടുമോ
ഇരുവർക്കുമിടയിലേക്കെത്തിടുമോ
ഞാനും മാറി എന്നഴകും മാറി
നീയും മാറി നിൻ മൗനവും മാറി
പിരിയാൻ നമുക്ക് കുറക്കുകയായി
വൈഡൂര്യപവ്വിഴമുത്തുവാതിൽ
എന്റെ മനസ്സ് നിന്നിൽ സമർപ്പിക്കുമ്പോൾ
അറിയാതെ മോഹിച്ചുനീ നിന്റെ
മനസ്സ് കൊണ്ട് എന്നെ മനസ്സിലാക്കുമെന്ന്
ഇപ്പോൾ എന്റെ മനസ്സ് എനിക്ക് നഷ്ടമായിരിക്കുന്നു
അർപ്പിച്ചിടാം ആയിരം കണ്ണീർകണങ്ങൾ
സ്വപ്നക്കൊട്ടാരകത്തിൻ പടി വാതിൽക്കൽ

ആദിനാഥ് വി

8 എ

ചിന്നനും കണ്ടനും

മഹാ വിരുതനാണ് ചിന്നൻ ചുണ്ടെലി.ഒരു ദിവസം അവൻ തീറ്റതേടി ഒരു വീട്ടിലെത്തി.വല്ലാതെ വിശക്കുന്നു.എന്തെങ്കിലും കഴിക്കാം, ചിന്നൻഅടുക്കളയിലേക്ക പോയി.അപ്പോഴതാ തൊട്ടുമുന്നിൽ ഒരു കണ്ടൻ പൂച്ച .ചിന്നനെ കണ്ടതും അവൻ ചാടി വീണു.കണ്ടന്റെ കൂർത്ത പല്ലുകളും നീളൻ നഖവുമൊക്കെ കണ്ടതും ചിന്നൻ ജീവനും കൊണ്ട് ഓടി.

ചുണ്ടലി ഓടി വിടാകെ
കണ്ടൻ പൂച്ച പിന്നാലെ
തട്ടീം മുട്ടീം വീടാകെ
തട്ടിമറിഞ്ഞു തടുപുട്ട ധും

വീടിന്റെ പുറത്ത് ഇറങ്ങാൻ പറ്റാതെ ചിന്നൻ വലഞ്ഞു.കണ്ടന്റെ വായിലായതു തന്നെ.അപ്പോഴാണ് ചിന്നൻ അടുക്കളയിൽ ഒരു മത്തങ്ങ കണ്ടത്.ചിന്നൻ പാഞ്ഞുചെന്ന് കൂർത്ത പല്ലുകൊണ്ട് മത്തങ്ങ തുരന്നു.എന്നിട്ട് മത്തങ്ങയുടെ ഉള്ളിലേക്ക് കയറിപിന്നാലെ കണ്ട മണ്ടൻ അതു കണ്ടു.അവൻ വിട്ടുമോ?കണ്ടൻ മത്തങ്ങയുടെഉള്ളിലേക്ക് തലയിട്ടു.ചിന്നന് കടക്കാനുള്ള വലുപ്പമേ അതിനുണ്ടായിരുന്നു.കണ്ടന്റെ തല മത്തങ്ങയിൽ കുടുങ്ങിപ്പോയി.അപ്പോഴേക്കും തട്ടും മുട്ടും കേട്ട് വീട്ടമ്മ അവിടേക്ക് എത്തി.മത്തങ്ങയിൽ തല ഇട്ട് കിടക്കുന്ന കണ്ടനെയാണ് വീട്ടമ്മ കണ്ടത്.

*അശ്വിൻ കൃഷ്ണ*

*8 എ*

**തുമ്പപ്പൂ...**

ഓണക്കാറ്റില് ചാഞ്ചാടുന്നൊരു
തുമ്പപ്പൂവേ, പറയാമോ
എങ്ങനെ കിട്ടീയഴകേറുന്നൊരു
വെണ്മ നിനക്കെന്നറിയാമോ
“ആകാശത്തൊരു പാൽക്കിണ്ണംപോൽ
അമ്പിളിമാമൻ വന്നപ്പോ
ഓണനിലാവിൽ മുങ്ങിക്കേറി
അങ്ങനെ കിട്ടീ വെള്ളനിറം!”

ദേവനന്ദ വേണു

8 ബി

പുലരിയിലെ പ്രകൃതി

പുലർച്ചെ ചുവന്ന് തുടുത്ത് ഉയർന്നു വരുന്ന സൂര്യൻ. കലപില കൂട്ടി ആഹാരം തേടിപ്പോകുന്ന പക്ഷികൾ. കാറ്റിലാടുന്ന തെങ്ങോലകൾ. പൂക്കളിലെ തേൻ നുകരാൻ എത്തുന്ന പൂമ്പാറ്റകൾ. ആറുമണിപ്പൂ ഉണരേണ്ട നേരമായി. പെട്ടെന്നായിരുന്നു അവളുടെ വരവ്. കത്തിജ്വലിക്കുന്ന സൂര്യനുനേരെ മുഖം തിരിച്ച് അവൾ പുഞ്ചിരിക്കുകയാണ്. അപ്പോഴേക്കും തൂപ്പുകാരി എത്തിയിരുന്നു. ക്രാ.. ക്രാ എന്നു കരഞ്ഞുകൊണ്ട് അവൾ മുറ്റം വൃത്തിയാക്കുകയായിരുന്നു. പിന്നെ മരത്തിലിരുന്ന് കൂവിവിളിക്കുന്ന കുയിലും മറ്റു പക്ഷികളും എന്റെ മനസ്സിന് കുളിർമ്മയേകി.

ചിങ്ങമാസത്തിലെ ഒരു പുലർ കാല കാഴ്ച്ചയായിരുന്നു ഇത്. ഇത്ര മാത്രമല്ല ഇനിയും കുറേ കാര്യങ്ങൾ എന്നെ കാത്തിരുന്നു. പുല്ലുകളാൽ നിറഞ്ഞിരുന്ന ആ പാറക്കൂട്ടങ്ങളിൽ ഒളിച്ചിരിക്കുകയായിരുന്നു മുക്കുറ്റി ചെടികൾ. അതിന്റെ കൂടെ കാക്കപ്പൂക്കളുമുണ്ടായിരുന്നു. രാത്രിയിൽ കുതിച്ചു വന്നമഞ്ഞു തുള്ളികൾ പുലർച്ചെടികളിലിരിപ്പുണ്ടായിരുന്നു. സൂര്യപ്രകാശത്താൽ വെട്ടിത്തിളങ്ങുകയാണവ. ആ കാഴ്ചയിൽ മുഴുകിയിരിക്കുകയാണ ഞാൻ. പെട്ടെന്നായിരുന്നു അവ അപ്രത്യക്ഷമായത്. ഇവ എവിടെ പോയി എന്നുള്ള ചോദ്യം ഇന്നും എന്റെ മനസ്സിൽ ഒളിഞ്ഞിരിക്കുകയാണ്.

*-നീരജ എം*

*8 ബി*

**നിഴൽ**

എന്റെ കൂടെയെന്നുമുള്ള
കൂട്ടുകാരനാണ്!
തോളുരുമ്മിയൊപ്പമെന്നും
കൂട്ടിന്നവനാണ്!
ഉച്ചയോളമെന്നുവൻ
എന്റെ മുന്നിലാണ്!
ഉച്ച കഴിഞ്ഞെന്നുമവൻ
എന്റെ പിന്നിലാണ്!
ഞാനിരിക്കും നേരമെന്റെ
ചാരിയിരിപ്പോനെ
വീട്ടിനകത്തക്ക് നിന്നെ
എത്ര ഞാൻ ക്ഷണിച്ചു
അപ്പഴൊക്കെയെന്നെവിട്ട്
എങ്ങു പോയൊളിച്ചു?

ആദിനാഥ് ബി
8 ബി

തത്തമ്മ

മൂത്തുപഴുത്ത മത്തങ്ങ
കൊത്താനെത്തി തത്തമ്മ
പമ്മിയടുത്ത പൂച്ചമ്മ
പാറിയകന്നു തത്തമ്മ

നിവേദ് പി
8 .ബി

സ്നേഹം

കിനാവ് നമുക്ക് സ്വന്തമല്ല
പുലരുമ്പോൾ മറഞ്ഞിടും
നിലാവും നമുക്ക് സ്വന്തമല്ല
ഓർമ്മകൾ പിന്നെയും തൊട്ടുണർത്തും
സ്വന്തമെന്ന് നെഞ്ചോട് ചേർത്ത്
പറയാൻ
വാങ്ങിയും കൊടുത്തും കൊതിതീരാത്ത
സ്നേഹം മാത്രം

വിധുൻ ചന്ദ്രൻ

8 ബി

സാരിമേളം

കുട്ടേന്നിറങ്ങിയ കുട്ട്യോളെല്ലാം
സാരിയും ചുറ്റിയങ്ങോട്ടമായി
ഓറഞ്ച് ജിഞ്ചയും പാടിവന്നു
മത്തങ്ങ ചെക്കനോ പിപിയൂതി
കടുംപച്ച സാരിയുടുത്തു വന്നു
വെണ്ടക്കയാദ്യമങ്ങോടിയെത്തി,
പൂമഞ്ഞ സാരിയും ചുറ്റിവുന്നു
ഏത്തപ്പഴക്കുട്ടി തിത്തകം തോം
തക്കാളിക്കുട്ടിയുരുണ്ടുരുണ്ട്
ചെന്നിറം സാരി ഉടുത്തൊരുങ്ങി
ബീറ്റ്റൂട്ട് നിക്കണ നിപ്പ് കണ്ടോ
പളപളമിന്നുന്ന പച്ചസ്സാരി
മേലാകെ ചുറ്റിയുടുത്തൊരുങ്ങി
കാബേജ് വെയിലത്ത് വാടിടാതെ
മുരിങ്ങക്ക കുട്ടന്റെ കുടയിലേറി
കുട്ടേന്നിറങ്ങിയ കുട്ട്യോളെല്ലാം
സാരിയുടുത്തൊരു മേളമായി
തിത്തിരി തിത്തിരി താളമിട്ടു
സാരിമേളാങ്കം പൊടിപൊടിച്ചു

ദിൽന ചന്ദ്രൻ
8 ബി

പുലരി മഞ്ഞിൻ കീഴിൽ

സായന്തനത്തിൽ പറന്നെത്തും പൂമ്പാറ്റേ
സാദൃശ്യകല്പന പൂണ്ടവളേ
ശ്വേതമണിമാലകൾക്കിടയിലൂടെ പറയും
ശീതളമായൊരു പൂമ്പാറ്റേ
മല്ലികപ്പൂവിൻ മുകളിലും നീ
മഞ്ചിമപ്പൂണ്ടു നില്പതില്ലേ
ആയിരം സൂര്യനും ചന്ദ്രനും നീറെ
ആകാശം ചുറ്റിപ്പറക്കുന്നവർ
എൻ ജീവിതത്തിൻ ബിംബമാം നീ
എൻ സ്വാതന്ത്ര്യത്തിൻ തുകൽത്താളുകൾ
പുലരിമഞ്ഞിൻ ശോഭ വർദ്ദിക്കുമാവേള
പൂമ്പാറ്റയ്ക്ക് അനുദിനമാണപോലും

ശിവാനി കെ എസ്
9 എ

പാറി വരുന്നൊരു പൂമ്പാറ്റ

തത്തിതത്തി താളത്തിൽ തുള്ളും തത്തമ്മേ
നിന്റെ പേരെന്താ അറിഞ്ഞില്ലല്ലോ
പാറി പാറി പോവാതെ ദൂരെ ദൂരെ മറയാതെ
പേരെന്താ നാളേതാ ചൊല്ലൂ തത്തമ്മേ
പേരെന്താ നാളേതാ ചൊല്ലൂതത്തമ്മേ
പോരു പോരു നീ പാലുതരാം
പുത്തരി നെല്ലിൻ ചോറുതരാം
പാറി പാറിപ്പോകാതെ ദൂരെ ദൂരെ മറയാതെ
പേരെന്താ നാളേതാ ചൊല്ലൂതത്തമ്മേ
പേരെന്താനാളേതാ ചൊല്ലൂ തത്തമ്മേ

ശ്രീനന്ദ ബി എസ്
10 ബി

ഭംഗിയേറും പൂക്കൾ

വെള്ളത്തിൽ വിരിയുന്ന പൂവേ വെള്ളത്തിൽ വിരിയുന്ന പൂവേ
ചന്ദമേഴും കാണാ നിന്നുടെ പേരൊന്നുചൊല്ലാമോ പൂവേ
താമരയാണെന്റെ പേര് താമരയാണെന്റെ പേര്
പൂക്കളിൽ രാജകുമാരി ഞാനെന്ന പേരാണല്ലോ
ചുവന്ന നിറമുള്ള പൂവേ ചുവന്ന നിറമുള്ള പൂവേ
ചന്ദമേഴും കാണാ നിന്നുടെ പേരൊന്നുചൊല്ലാമോ പൂവേ
പനിനീരാണല്ലോ പനിനീരാണല്ലോ
പൂക്കളിൽ ഏറ്റവും സുന്ദരി ഞാനെന്ന പൂവാണല്ലോ
വെള്ള നിറമുള്ള പൂവേ വെള്ള നിറമുള്ള പൂവേ
ചന്ദമേഴും കാണാ നിന്നുടെ പേരൊന്ന ചൊല്ലാമോ പൂവ്
മുല്ലയാണെന്റെ പേര് മുല്ലയാണെന്റെ പേര്
പൂക്കളിൽ ഏറ്റവും സുഗന്ധം ഞാനെന്ന പൂവിനാണല്ലോ

*സാധിക പി*

*9.എ*

ഭൂതകാല സ്മരണകൾ

മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ച്
കളകളമൊഴുകുന്ന പുഴതൻ കരയിൽ
നീ കളിത്തോണിയുണ്ടാക്കി കളിച്ചു രസിച്ചില്ലേ
ആ പുഴയെവിടെയിന്ന് ആ കളിയെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ച്
നിന്റെ മുറ്റത്തെ പാടവരമ്പിലൂടെ
നീയും നിന്റെ കളിത്തോഴിയും ഓടി നടന്നില്ലേ
ആ വയലെവിടെയിന്ന് ആ 'സഖി'യെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ നിൻ
ഭൂതകാലത്തെക്കുറിച്ത്തച്ച്
നിന്റെ വിദ്യാലയ മുറ്റത്തെ തേന്മാവിൻ കൊമ്പുകളിൽ
നീയും നിന്റെ  കൂട്ടുകാരും കളിച്ചു മതിച്ചില്ലേ
ആ മാവെവിടെയിന്ന് ആ കൂട്ടുകാരെവിടെയിന്ന്
മാനവാ നീയൊന്നോർക്കുവിൻ
നിൻ ഭൂതകാലത്തെക്കുറിച്ച്....

സമന്യ എം
9 എ

അർച്ചന

ഉണ്ണിക്കു പാവാട തീർക്കാൻ
ഉണ്ണിക്കു പൂമേട തീർക്കാൻ
ഉണ്ണികളുൽസാഹമോടെ
ഉണ്ണാതുറങ്ങാതിരിപ്പൂ
ക്രിസ്തുമസ് രാത്രിയിലെങ്ങും
വെള്ളിനിലാവു പരന്നു
വെൺമഞ്ഞുറഞ്ഞുകുളിർക്കെ
പുൽക്കൂട്ടി ഉണ്ണി പിറന്നു
ഉണ്ണികൾ മോദമണഞ്ഞു
ഉണ്ണിക്കൈക്കുപ്പി നിരന്നു
ഉണ്ണിക്കുസമ്മാനമായി

മലയാളം

പൊന്നോണത്തിൻ നാടേത്
പൂക്കൾ ചിരിക്കും മലയാളം
പുത്തരിയുണ്ണും നാടേത്
പുഞ്ചകൾ വിളയും നാടേത്
പാലാറൊഴുകും നാടേത്
നീലക്കാറണി മലയാളം
നന്മകൾ നിറയും നാടേത്
നമ്മുടെ രാജ്യം മലയാളം

ഷംനാസ് കെ പി
9 എ

മധുരം

കടലുകളേഴുകടക്കേണം
കാണാതീരത്തെത്തേണം
കടലുകടന്നൊരു കൂട്ടരുമായി
കഥകൾ പറഞ്ഞു രസിക്കേണം
കടലോരത്തെ ചൊരിമണലിൽ
കവിതകൾ പാടിയിരിക്കേണം
കദനത്തീയിൽ എരിയുമ്പോഴീ
കാഴ്ചകൾ സാന്ത്വനമാകേണം
കണ്ടൊരു കാഴ്ചകൾ മധുരം പക്ഷേ
കാണാത്തതിനാണതിമധുരം

നിഖിത ടി വി
9 ബി

ഞണ്ടു പറഞ്ഞത്

പൊട്ടവരമ്പിൻ പോടിലിരിക്കും
വല്യമ്മാവൻഞണ്ടോടി
മക്കളെനിങ്ങൾ  പിന്നോട്ടല്ല
മുന്നോട്ടാഞ്ഞു നടക്കേണം
കത്രിക പോലാ തള്ളക്കാലുകൾ
കൂട്ടിൽ നിന്നുമുയർത്തിയവർ
ഒന്നായിങ്ങനെ ചൊല്ലുന്നു
എങ്ങിനെയാണത്-കാട്ടാമോ
വല്യമ്മാവൻ- പരിവാരങ്ങൾ
അച്ചനമമ്മയുമെല്ലാരും
പാടവരമ്പിൽ നിന്നുമിറങ്ങി
നിരനിരയായി നടക്കുന്നു
ആരും മുന്നോട്ടല്ല നടത്തം
പിന്നോട്ടാണെല്ലോ യാത്ര
ഞണ്ടിൻ മക്കൾ കൂകി വിളിച്ചു
എങ്ങിനെ ഞങ്ങൾ ശരിയാകും
നന്മകൾ ചെയ്യാൻ ശീലിക്കേണ്ടതു
വീട്ടിൽ  നിന്നുമതാണെല്ലോ
അച്ഛനമമ്മയുമെന്നും ഞങ്ങടെ
വഴികാട്ടികളായ് മാറേണം

ദേവനന്ദ എം കെ
9 ബി

ഋഗ്വേദകാലം

ഋഗ്വേതകാലത്തും സ്ത്രീകൽക്കും പുരുഷന്മാർക്കും തുല്യപദവിയായിരുന്നു.പുരുഷന്മാരെ പോലെ സ്ത്രീകളും വിദ്യ അഭ്യസിക്കുകയും ബ്രഹ്മചര്യം ആചരിക്കുകയും ചെയ്തുപോന്നു.അവർ വേദങ്ങൾ പഠിക്കുകയും വേദസ്തോതിരങ്ങൾ രചിക്കുകയും ചെയ്തു.പ്രാചീന ഭാരതത്തിലെ ഏറ്റവും വലിയ വിദുഷികളായിരുന്ന ഗാർഗിയും മൈത്രേയിയും ജീവിച്ചിരുന്നത് ഉപനിഷത്ത് കാലഘട്ടത്തിലാണ്.പെമ്ക്കുട്ടികൾ ധാരാളം സ്വാതന്ത്രംഅനുഭവിച്ചുപോന്നിരുന്ന കാലം കൂടിയായിരുന്നു അത്.

അഭിനവ് കെ വി

9 ബി

സൗഹൃദം

ശരറാന്തൽ തെളിയുന്ന മിഴിക്കോണിനുള്ളിൽ
കാത്തു ഞാൻ കട്ടം കാപ്പിമധുരം
തിളച്ചീട്ടം സൗഹൃദത്തിൽ സ്നേഹത്തിൽ
പൊടിചേർത്ത് മധുരം ളുകുന്നൊരാ-
കട്ടം കാപ്പിയാകുന്നെൻ കൂട്ടുകാർ!

കൺമഷി
വെണ്ടയ്ക്കാവിരൽ കൊണ്ട് തൊട്ടെടുത്തു
ഞാൻ, കരിമഷിയിത്തിരി നിനക്കായ്!
താമരയിതൾപോലെ, മിന്നിമറയുന്നനിൻ
കണ്ണിനെ കോണിൻ ളുകിയിത്തിരി കരിമഷി!

പ്രകൃതി വസന്തം

പുൽകളും തൊടികളും
മലകളും നദികളും ചാഞ്ചാട്ടമീ-
മണ്ണിൽ ഭൗമമണ്ണിൽ
വൻമരത്തിൽ നിന്നും കിളികളുയർന്ന
പോൽ, എൻഹൃദയവും നറുങ്ങിയല്ലോ

ഹരിനന്ദ് എം
9 ബി

പുഴയ്ക്കൊരു സ്നേഹഗീതം

കരയുന്ന പുഴയ്ക്കൊരു
സ്നേഹഗീതം....
ഇവിടെ വരളുന്ന പുഴയ്ക്കൊരു
സ്നേഹഗീതം
വെള്ളത്തിനായ് നെട്ടോട്ടമോടി-
ടുന്നെല്ലാരും....
കുപ്പിവെള്ളം അമൃതുപോൽ
കുടിക്കുന്നവെല്ലാരും
ഓർക്കുന്നില്ലീ...കരയുന്ന
പുഴയുടെ വേദന
വരളുന്ന പുഴയുടെ ദൈന്യത
ഇനി ഇവിടെയുണ്ടോ ഒരു
പുഴയ്ക്കു ജനനവും ബാല്യവും
ഓർക്കുന്നില്ലാരുമീ നഗ്ന സത്യം

അഭയ്ദേവ്
9 ബി

മറക്കില്ല... ഒരിക്കലും നിന്നെ

ഹൃദയ തന്ത്രികൾ ഉരുവിടുന്നു
ഹൃത്തിലണയുവാൻ സ്നേഹഗീതം
അനസ്യൂയ പ്രവാഹവും ചൊൽകയായി
അനശ്വര വാനു ദൃക്സാക്ഷിയായി
ഒർമ്മിക്കുവാനായി ആ കല്ലു
ഓർക്കയായ് എപ്പോഴും ജീവിതത്തിൽ
നിന്റെ നീറുന്ന ഹൃദയം എനിക്കു കാണാം
നീ... എന്ന സ്വപ്നം എൻ മനസ്സിലില്ല
നിന്റെ ഈ ആത്മാർഥ സ്നേഹത്തിനു
മുന്നിൽ ഞാനെന്ന ശിരസു നമിക്കുന്നു
പേപ്പറിൽ മഷിപ്പേന കൊണ്ടെഴുതിയ പോലെ
നിൻ മനസ്സിൽ ഞാൻ ഒട്ടിപ്പിടിച്ചുഎന്നെനിക്കറിയാം
മറക്കില്ല ഒരിക്കലും നിന്നെ
നീ എന്ന സൗന്ദര്യ പുളകത്തെ
ഈ ലോകത്ത് നാം ആസ്വദിക്കേണ്ടത്
ഒന്നു മാത്രമാണ് ജീവിതം

അഹല്യ കെ
9.ബി

ആസ്വാദനം

അറിവേറും കഥകൾ

കുട്ടികൾക്കായുള്ള രചനയാണ് അറിവേറുംകഥക ൾ .കുട്ടികളെ സ്നേഹിക്കാനും,നന്മയിലേക്കും നയിക്കുന്ന കഥകളുടെ സമാഹാരമാണ് ഇത്.കുട്ടികളുടെ മനസ്സ് എപ്പോഴും ജിജ്ഞാസകരവും,അത്ഭുതകരവുമായിരിക്കും.ബുദ്ധി-യും,യുക്തിയും മൂല്യബോധവുമുണർത്തുന്നവയാണ് ഈ പുസ്തകത്തിലെ ഓരോ കഥകളും.ഹൃദ്യമായ ഭാഷയിലൂടെ അറിവ് പകർന്നുതരുന്ന അറിവേറുംകഥകൾഎന്ന സമാഹാരം വായനക്കാരായ കുട്ടികൾക്ക് വിജ്ഞാനം പ്രദാനം ചെയ്യുന്നു.വൈജ്ഞാനികമൂല്യമുളവാക്കുന്ന ഈ ആഖ്യാനമികവ് ഏതൊരു വായനക്കാരനെയും പിടിച്ചിരുത്തുന്നു.

അഹല്യ കെ
9.ബി

ആസ്വാദനം

മരക്കാപ്പിലെ തെയ്യങ്ങൾ

പഴമയും,പുതുമയും നിറഞ്ഞ വൈജ്ഞാനികരചനയാണ് മരക്കാപ്പിലെതെയ്യങ്ങൾ.ആഗോളീകരണത്തിന്റെ ഏകശാസനത്തിൽഞെരുക്കപ്പെടുന്ന നാട്ടുതനിമകളും,നാട്ടുചരിതങ്ങളും,സ്വാർത്ഥരായമാനവർ ഉപേക്ഷിക്കുന്നു.സമ്പത്തിന്റെ പിന്നാലെ പോകുന്നമാനവർക്ക് തിരിച്ചടി കൂടിയാണ് ഈ രചന.നാട്ടുതനിമകളും,പഴമകളും,ഇവയൊക്കെയുംവര-വിളിപോലെ ശോഭാന്തരീക്ഷത്തിൽ അലയുകയാണ്.എല്ലാം ഉപഭോഗച്ചരക്കാകുമ്പോൾവാമൊഴിച്ചരിത്രത്തിലെ കേൾവിപ്പെരുമകളിൽനിന്ന് വീണ്ടെടുപ്പുകൾക്കായി ചില കാതോർക്കലുകൾഉണ്ടാകുന്നു.ആധുനികജീവിതത്തിലെ പ്രതിസന്ധികളും,പ്രതിരോധങ്ങളും രേഖപ്പെടുത്തുന്ന നോവൽകൂടിയാണിത്.

അഭിന വി
10 .ബി

പ്രളയം

സ്വന്തം ജീവൻ കൈക്കുള്ളിൽവെച്ച്
ഒരു ജീവൻ രക്ഷിക്കാൻ പാഞ്ഞിടുന്നു
ആരോടും പറയാതെ ആരും അറിയാതെ
പാഞ്ഞുവന്നു ആ പ്രളയജലം.
കുന്നില്ല മരമില്ല പാടവുമില്ല
എല്ലാമാ വരവിൽ കൊണ്ടുപോയി.
അധ്വാനിച്ചതും,കഷ്ടപ്പെട്ടതും എല്ലാമെല്ലാം
കൊണ്ടുപോയി.
ഒരുപാട് ജീവൻ നഷ്ടമായെങ്കിലും പുതിയൊരു
ജീവിതം തുണയാവട്ടെ
ഇനിയിന്ന്.ഒന്നുമുതലായ് തുടങ്ങണം
ഒരു പുതുജീവിതമാർഗത്തിനായ്
ഒരുപുതുഭാവിക്കും കൂടിയെന്നും
ഇനിയൊന്നുമുതലായ് തുടങ്ങിടേണം.

ആദിമ മോഹൻ
10 .ബി

വായനാനുഭവം

എൻമകജെ

പ്രകൃതിയിലെ മനുഷ്യന്റെ ഇടപെടലുകൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളാണ് എൻമകജെ എന്ന നോവലിൽപ്രതിപാദിക്കുന്നത്.കാസറഗോഡ് ജില്ലയിൽസംഭവിച്ച മനുഷ്യന്റെ പ്രാവർത്തികഫലമായി നേരിടുന്ന പ്രകൃതിദുരന്തമാണ് എൻ-ഡോസൾഫാൻ.വിചിത്രരൂപികളായ മനുഷ്യരും,വേദനതിന്ന്ജീവിക്കുന്നവരുമായ മനുഷ്യജീവനുകളാണ് ഈ നോവലിൽപ്രതിപാദിച്ചിരിക്കുന്നത്.മനുഷ്യന്റെ അന്ധമായ ഇടപെടലുകൾ മൂലം ഉണ്ടാകുന്ന പാരിസ്ഥിതികദുരന്തങ്ങളുടെ കഥ കൂടിയാണിത്.കാസറഗോട്ടെ എൻമകജെ എന്ന ഗ്രാമം എൻഡോസൾഫാൻ വിഷത്തിനിരയാവുന്ന മാനവരുടെ വേദനാജനകമായ കഥ പറയുകയാണ് അംബികാസുദൻ മാങ്ങാട്.പാരിസ്ഥിതിക-ജനകീയാരോഗ്യ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ മൂലം എൻഡോസൾഫാൻ വിഷവർഷം നിർത്തി വെച്ചെങ്കിലും ഇനിയും ഉണ്ടാകാത്ത നമ്മുടെ പാരിസ്ഥിതികസ ജാഗ്രതയ്ക്ക് വേണ്ടിയുള്ള ഒരു നിലവിളി കൂടിയാണ് ഈ രചന.

ആനന്ദ് വിൽസൺ
10.ബി
(പുസ്തകാസ്വാദനം.)

തുള്ളൽ കഥകൾ

പുതിയ തലമുറയെ സംബന്ധിച്ചടുത്തോളം ക്ലാസിക് കൃതികളുമായുള്ള പരിചയത്തിൽ നിന്ന് ഒരകൽച്ചയാണിന്നുള്ളത് . ഇത് മാറ്റിയെടുക്കാനാണ് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കഥകളുടെ പുനരാഖ്യാനം. സഭാപ്രവേശം, കല്യാണസൗഗന്ധികം,ധ്രുവചരിതം,ഘോഷയാത്ര,സ്യമന്തകം,പാത്രചരിതം, ബാലിവിജയം എന്നിവയാണ് ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.ഇവി-ടെ മൂലകൃതിയുടെയും,അതിന്റെ രചയിതാവിന്റെയും സ്വർഗപ്രക്രിയയുടെ മൗലിക പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കാൻ കുട്ടികളെ ശക്തരാക്കുകയാണ് ഈ പുനരാഖ്യാനം.ഓരോ മലയാളിയും വായിച്ചിരിക്കേ-ണ്ട അറിഞ്ഞിരിക്കേണ്ട പഴയതും പുതിയതുമായ ക്ലാസിക്കുകളാണ് ഈ പുസ്തകത്തിലുള്ളത്.

അതുല്യ എ
10.ബി
(കഥാസ്വാദനം.)

നരനായും പറവയായും

കാസറഗോഡ് ജില്ലയിലെ എഴുത്തുകാരനായ സന്തോഷ്ഏച്ചിക്കാനത്തിന്റെ രചനയാണ് നരനായും പറവയായും.കൃഷിപാഠം,ആതിഥേയനും വിരുന്നുകാര-നും തുടങ്ങി എട്ടോളം ചെറുകഥകൾ അദ്ദേഹം രചിച്ചിട്ടുണ്ട്.ആധുനിക ജീവിതത്തിലെ സംഭവവികാസങ്ങളും ,മറ്റുമാമണ് ഈ രചനയിലുള്ളത്.നരനായും പറവയായും എന്നതാണ് ഈ രചനയുടെ ശീർഷകം.മനുഷ്യജീവിതവും,പ്രകൃതിയിലെ ഹരിതാഭ സുന്ദരമായ അനുഭവങ്ങളും പങ്കുവെക്കുന്ന ഒരു ചെറു രചനയാണിത്.

കൃഷ്ണപ്രിയ എം
9.ബി
(പുസ്തകാസ്വാദനം.)

കൊച്ചുനീലാണ്ടൻ

ബാലസാഹിത്യകാരൻ പി.നരേന്ദ്രനാഥിന്റെ കൊച്ചുകഥയാണ് കൊച്ചുനീലാണ്ടൻ . കൊച്ചുനീലാണ്ടൻ നാലാം ക്ലാസുകാരനാണ് പഠനത്തിൽ മിടുക്കനും. കുസൃതിച്ചിന്തകൾ മനസ്സുനിറയെ കൊണ്ടു നടക്കുന്നവനാണ് കൊച്ചുനീലാണ്ടൻ.അവൻ ചിന്തിക്കുന്നതും ചെയ്യുന്നതുമൊക്കെയും വായനക്കാരെ ചിരിപ്പിക്കുന്ന,ചിലപ്പോഴൊക്കയും വേദനിപ്പിക്കുന്ന വികൃതികളാണ്.കൊച്ചുനാലാണ്ടൻ അവന്റെ അമ്മയുടെയും, പട്ടാളക്കാരനായ അച്ഛന്റെയും, തീറ്റക്കാരനായ അമ്മാവന്റെയും കഥ ഏറെ രസകരമാണ്.കഥയുടെ അവസാനത്തിൽ പട്ടാളക്കാരനായ അച്ഛൻ ഒരു കാൽ നഷ്ടപ്പെട്ട് വരുമ്പോൾ കൊച്ചുനീലാണ്ടൻ സങ്കടത്തോടെ പറയുന്നതാണിത്;ഇല്ല ഞാനിനി വികൃതി കാണിക്കില്ല. ഞാൻ പഠിക്കും.വലുതാവും എന്റെ അച്ഛനേം ,അമ്മേം ,അമ്മാവനേം ഞാൻ നോക്കും.കഥയുടെ ഈ അവസാന ഭാഗം ഏതു വായനക്കാർക്കും അവിസ്മരണീയമായ വായനാനുഭവം നൽകുന്നു.

കൃഷ്ണപ്രിയ എം
9.ബി
(വായനാനുഭവം)

നന്മയുടെ കഥകൾ

വീണാദേവിമീനാക്ഷിയുടെ രചനയാണ് നന്മയുടെകഥകൾ.ശീർഷകത്തിൽ സൂചിപ്പിക്കുന്നപോലെ തന്നെ ഇതിലെ കഥകളും നന്മയേറിയതാണ്.ഡാറ്റ്ലി, ഹെർമിസ്,പ്ലോപാർമരം തുടങ്ങി ഇരുപതോളംകഥകൾ സമാഹാരത്തിൽ അടങ്ങിയിരിക്കുന്നു.ലളിതമായഭാഷയിൽ വായനക്കാർക്ക് നന്മയുടെപാഠങ്ങൾ പകർന്ന്തരുകയാണ് എഴുത്തുകാരി.കാലാന്തരങ്ങളിൽ,കഥാകഥനങ്ങളുടെ കുട്ടിക്കാലങ്ങളിൽനിന്നും,ആ ബാല്യകാലസ്മരണകളിൽനിന്നും പടിയിറങ്ങിപ്പോയപലകഥകളും ഇതിലുണ്ട്.ഏറെ രസകരവും,നർമ്മത്തിൽചാലിച്ചതുമായകഥകൾവായനക്കാരറിയാതെതന്നെ ഹൃദയത്തെസ്പർശിക്കുന്നു.

അനുഷ്യരാജ് കെലകെ
10.ബി
(കഥാനിരൂപണം.)

ഡാവിഞ്ചിയുടെ രഹസ്യകോഡുകൾ

ലോകസാഹിത്യത്തിന്റെ ചരിത്രത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ കൃതികൾ മാത്രമേ വിവാദങ്ങൾക്ക് തിരി കൊളുത്തിയിട്ടുള്ളൂ.ഓരോ പുസ്തകവും വിവാദങ്ങളായി മാറി കൊലപാതകങ്ങളും എഴുത്തുകാരന്റെ എഴുത്തുനിർത്തൽ പ്രഖ്യാപനങ്ങളും മറ്റുമായി മാറിക്കൊണ്ടേയിരിക്കുന്ന ഒരു ജനാധിപത്യ രാഷ്ട്രത്തിലെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭിന്നതയിലൂടെ ചിന്തിക്കുക ഏറെ കൌതുകകരമാണ്.ഇതുപ്രകാരം ലോകരാജ്യങ്ങളിലെ ക്രിസ്ത്യൻ മതവിശ്വാസികളെ കിടിലം കൊള്ളിച്ച പുസ്തകമാണ് ഡാവിഞ്ചിക്കോഡ്.എൺപത് മില്ല്യൺ കോപ്പികൾ വിറ്റഴിഞ്ഞ നൂറിലധികം ഭാഷകളിൽ വിവർത്തനം ചെയ്തഈ പുസ്തകം ,ബെസ്റ്റ് സെല്ലർ പട്ടികയിൽ ആൽക്കെമിസ്റ്റിന് തൊട്ടുപിന്നിലാണ്.ആധുനിക ലോകത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തിൽ തീർച്ചയായും വായിക്കപ്പെടേണ്ട പുസ്തകമാണിതെന്ന കാര്യത്തിലൊരു പുസ്തകവിരോധിക്കും തർക്കമില്ല.

ഷെർലക്ക് ഹോംസിനും ,ഹാരിപോട്ടറിനും,ജെയിംസ്ബോണ്ടിനും ശേഷം വായനക്കാരെ ഏറെ സ്വാധീനിച്ച വിശ്വപ്രസിദ്ധകഥാപാത്രമാണ് റോബർട്ട് ലാങ്ഡൺ . പ്രസംഗകനും,ചിഹ്നസാസ്ത്രജ്ഞനുമായ അതുല്യപ്രതിഭയാണ് അദ്ദേഹം.റോബർട്ട് ലാങ്ഡണിന് ലഭിക്കുന്ന ഒരു ഫോൺകോളിലൂടെ അദ്ദേഹത്തിന് ഒരു കേസ് ഏറ്റെടുക്കേണ്ടിവരികയും ചിഹ്നശാസ്ത്രത്തിലുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തി അദ്ദേഹം ആ കേസ് തെളിയിക്കുകയും ചെയ്യുന്നതാണ് ഇതിവൃത്തം.(ഇതിനിടയ്ക്ക് ബൈബിലിനെ സ്വന്തം ആഖ്യാനത്തിലേക്ക് മാറ്റിയെഴുതിക്കൊണ്ട് മനോഹരമായൊരു ചരിത്രവും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.)ഡാവിഞ്ചിക്കോഡ് സർഗാത്മകതയുടെ ഏറ്റവും ഉന്നതമായ അവതരണമാണ്.വായനാശീലവും,അറിവും,കഴിവും ഉപയോഗിച്ച് ഇതുവരെ നാം കേട്ടുശീലിച്ചതിനെയൊക്കെ തിരുത്തി സാങ്കൽപ്പികമായ മറ്റൊരുലോകം സൃഷ്ടിക്കാൻ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്.പാരീസിലൊരു പ്രഭാഷണം നടത്തുന്നതിനിടെ ലാങ്ഡണിന് അവിചിരാതമായി ഒരു ഫോൺസന്ദേശം ലഭിക്കുന്നു;ലൂവ്റ് മ്യൂസിയത്തിലെ ക്യൂറേറ്റർ ഴാക് സൊനിയർ കൊല്ലപ്പെട്ടു.

മൃതദേഹത്തിനടുത്ത്അതിവിചിത്രമായ ഒരു കോഡുണ്ട്.ഈ കോഡിലെ സന്ദേശം എന്താണെന്ന് അറിയാനായി പോലീസിന് ലാങ്ഡന്റെ സഹായം ആവശ്യമായി വന്നു. ഈ കോഡിലൊളിഞ്ഞു കിടക്കുന്ന രഹസ്യം കണ്ടെത്താനുള്ള ശ്രമം ലിയനാർഡോ ഡാവിഞ്ചിയുടെ ചിത്രങ്ങളിലേക്കാണ് ലാങ്ഡനെ നയിച്ചത്.വിശദാംശങ്ങളൊപ്പമുള്ള അന്വേഷണത്തിൽകണ്ടുമുട്ടുന്ന സോഫി നോവെ എന്ന സുന്ദരിയും ലാങ്ഡണൊപ്പമുണ്ട്..ഫ്രഞ്ച് ക്രിപ്റ്റോളജിസ്റ്റാണ് സോഫി.സോഫിയും,ലാങ്ഡണും തമ്മിലുള്ള പ്രണയവും നോവലിനെ എറെ ഹൃദ്യമാക്കുന്നുണ്ട്.

ഡാവിഞ്ചിയുടെ ചിത്രങ്ങളിലെ ഒളിഞ്ഞിരിപ്പുള്ള കോഡുകളും രഹസ്യങ്ങളും കണ്ട് ലാങ്ഡണും സോഫിയും അമ്പരക്കുന്നു.മൊണാലിസ എന്ന ചിത്രരചനയ്ക്ക് കാരണമായ സന്ദർഭങ്ങളടക്കം ഇരുവരും പരിശോധിക്കുന്നു.ഞെട്ടിപ്പിക്കുന്ന തിരിച്ചറിവിലേക്ക് ഇത് അവരെ കൊണ്ടു ചെന്നെത്തിക്കുന്നത്.സിയാനിയിലെ പ്രിയറി എന്ന രഹസ്യ സംഘത്തിലെ അംഗമായിരുന്നു

ഴാക് സൊനീയർ.വിക്ടർ ഹ്യൂറോ,സർ ഐസക് ന്യൂട്ടൻ ,ബോട്ടിസെല്ലി തുടങ്ങി-

യവർക്ക് ഈ രഹസ്യസംഘത്തിലെ അംഗങ്ങളായിരുന്നു.(ഇത് എഴുത്തുകാരന്റെ ഭാവന മാത്രമാണെന്ന കാര്യം വിസ്മരിക്കരുത്.)പ്രിയറിയുടെ ഏറ്റവും പരിശുദ്ധ-മായ രഹസ്യം സംരക്ഷിക്കാനാണ് സൊനീയർ സ്വന്തം ജീവൻ ബലി കൊടു-ത്തത്.എന്താണ് ആ രഹസ്യമെന്നറിയാൻ സോഫിയും ലാങ്ഡണും വളരെ പണിപ്പെട്ട് ആ കോഡിലെ ചുരുളഴിയുന്നു.അപ്പോഴാണ് ആ ചരിത്ര സത്യം
അവർക്കു മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നത്.(ഈ രഹസ്യം യേശുക്രിസ്തു-വിന്റെ ജീവിതത്തെക്കുറിച്ചുള്ളതും ക്രിസ്തുവിന്റെ ജനനത്തെ ചോദ്യം ചെയ്യുന്നതുമാണ്.അതു കൊണ്ടാണ് ഞാൻ മുമ്പ് സൂചിപ്പിച്ച തരം വിവാദങ്ങൾക്ക് ഈ കൃതി കാരണമായിത്തീർന്നത്.ബൈബിളിന് നിരവധി ആഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്.അതു പോലൊന്നായി ഈ കൃതിയേയും കണ്ട് ബ്രൗണിന്റെ
അതുല്യമായ രചനാപാടവത്തെ മാനിക്കണമെന്നാണ് വായനക്കാരനെന്ന നിലയിൽ എന്റെ നിലപാട്)

അവിസ്മരണീയമായ വായനാനുഭവം നൽകുന്ന നോവലാണ് ഡാവിഞ്ചിക്കോഡ്.പ്രണയവും വിരഹവും ആകാംഷയും ചരിത്രവും
അങ്ങനെ എല്ലാമെല്ലാം ബ്രൗ ഡാവിഞ്ചിയുടെ രഹസ്യകോഡുകൾ

ലോകസാഹിത്യത്തിന്റെ ചരിത്രത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ കൃതികൾ മാത്രമേ വിവാദങ്ങൾക്ക് തിരി കൊളുത്തിയിട്ടു-ള്ളൂ.ഓരോ പുസ്തകവും വിവാദങ്ങളായി മാറി കൊലപാതകങ്ങളും എഴുത്തുകാ രന്റെ എഴുത്തുനിർത്തൽ പ്രഖ്യാപനങ്ങളും മറ്റുമായി മാറിക്കൊണ്ടേയിരിക്കു-ന്ന ഒരു ജനാധിപത്യ രാഷ്ട്രത്തിലെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭിന്നതയി-ലൂടെ ചിന്തിക്കുക ഏറെ കൌതുകകരമാണ്.ഇതുപ്രകാരം ലോകരാജ്യങ്ങളിലെ ക്രിസ്ത്യൻ മതവിശ്വാസികളെ കിടിലം കൊള്ളിച്ച പുസ്തകമാണ് ഡാവിഞ്ചിക്കോ-ഡ്.എൺപത് മില്ല്യൺ കോപ്പികൾ വിറ്റഴിഞ്ഞ നൂറിലധികം ഭാഷകളിൽ വിവർത്തനം ചെയ്തഈ പുസ്തകം ,ബെസ്റ്റ് സെല്ലർ പട്ടികയിൽ ആൽക്കെമിസ്റ്റിന് തൊട്ടുപിന്നിലാണ്.ആധുനിക ലോകത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തി-ക സാഹചര്യത്തിൽ തീർച്ചയായും വായിക്കപ്പെടേണ്ട പുസ്തകമാണിതെന്ന കാര്യത്തിലൊരു പുസ്തകവിരോധിക്കും തർക്കമില്ല.

ഷെർലക്ക് ഹോംസിനും ,ഹാരിപോട്ടറിനും,ജെയിംസ്ബോണ്ടി നും ശേഷം വായനക്കാരെ ഏറെ സ്വാധീനിച്ച വിശ്വപ്രസിദ്ധകഥാപാത്രമാണ് റോബർട്ട് ലാങ്ഡൺ . പ്രസംഗകനും,ചിഹ്നസാസ്ത്രജ്ഞനുമായ അതുല്യപ്രതിഭ
യാണ് അദ്ദേഹം.റോബർട്ട് ലാങ്ഡണിന് ലഭിക്കുന്ന ഒരു ഫോൺകോളിലൂടെ അദ്ദേഹത്തിന് ഒരു കേസ് ഏറ്റെടുക്കേണ്ടിവരികയും ചിഹ്നശാസ്ത്രത്തിലുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തി അദ്ദേഹം ആ കേസ് തെളിയിക്കുകയും ചെയ്യു-ന്നതാണ് ഇതിവൃത്തം.(ഇതിനിടയ്ക്ക് ബൈബിളിനെ സ്വന്തം ആഖ്യാനത്തിലേ-ക്ക് മാറ്റിയെഴുതിക്കൊണ്ട് മനോഹരമായൊരു ചരിത്രവും അദ്ദേഹം അവതരിപ്പി ക്കുന്നുണ്ട്.)ഡാവിഞ്ചിക്കോഡ് സർഗാത്മകതയുടെ ഏറ്റവും ഉന്നതമായ അവതരണമാണ്.വായനാശീലവും,അറിവും,കഴിവും ഉപയോഗിച്ച് ഇതുവരെ നാം കേട്ടുശീലിച്ചതിനെയൊക്കെ തിരുത്തി സാങ്കൽപ്പികമായ മറ്റൊരുലോകം സൃഷ്ടിക്കാൻ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്.പാരീസിലൊരു പ്രഭാഷണം നടത്തുന്നതിനിടെ ലാങ്ഡണിന് അവിചിരാതമായി ഒരു ഫോൺസന്ദേശം ലഭിക്കുന്നു;ലൂവ്റ് മ്യൂസിയത്തിലെ ക്യൂറേറ്റർ ഴാക് സൊനിയർ കൊല്ലപ്പെട്ടു.
മൃതദേഹത്തിനടുത്ത്അതിവിചിത്രമായ ഒരു കോഡുണ്ട്.ഈ കോഡിലെ സന്ദേശം എന്താണെന്ന് അറിയാനായി പോലീസിന് ലാങ്ഡന്റെ സഹായം

ആവശ്യമായി വന്നു. ഈ കോഡിലൊളിഞ്ഞു കിടക്കുന്ന രഹസ്യം കണ്ടെത്താനുള്ള ശ്രമം ലിയനാർഡോ ഡാവിഞ്ചിയുടെ ചിത്രങ്ങളിലേക്കാണ് ലാങ്ഡനെ നയിച്ചത്.വിശദാംശങ്ങളൊപ്പമുള്ള അന്വേഷണത്തിൽകണ്ടുമുട്ടുന്ന സോഫി നോവെ എന്ന സുന്ദരിയും ലാങ്ഡണൊപ്പമുണ്ട്..ഫ്രഞ്ച് ക്രിപ്റ്റോളജിസ്റ്റാണ് സോഫി.സോഫിയും,ലാങ്ഡണും

തമ്മിലുള്ള പ്രണയവും നോവലിനെ എറെ ഹൃദ്യമാക്കുന്നുണ്ട്.

ഡാവിഞ്ചിയുടെ ചിത്രങ്ങളിലെ ഒളിഞ്ഞിരിപ്പുള്ള കോഡുകളും രഹസ്യങ്ങളും കണ്ട് ലാങ്ഡണും സോഫിയും അമ്പരക്കുന്നു.മൊണാലിസ എന്ന ചിത്രരചനയ്ക്ക് കാരണമായ സന്ദർഭങ്ങളടക്കം ഇരുവരും പരിശോധിക്കുന്നു.ഞെട്ടിപ്പിക്കുന്ന തിരിച്ചറിവിലേക്ക് ഇത് അവരെ കൊണ്ടു ചെന്നെത്തിക്കുന്നത്.സിയാനിയിലെ പ്രിയറി എന്ന രഹസ്യ സംഘത്തിലെ അംഗമായിരുന്നു ഴാക് സൊനീയർ.വിക്ടർ ഹ്യൂഗോ,സർ ഐസക് ന്യൂട്ടൻ ,ബോട്ടിസെല്ലി തുടങ്ങിയവർക്ക് ഈ രഹസ്യസംഘത്തിലെ അംഗങ്ങളായിരുന്നു.(ഇത് എഴുത്തുകാരന്റെ ഭാവന മാത്രമാണെന്ന കാര്യം വിസ്മരിക്കരുത്.)പ്രിയറിയുടെ ഏറ്റവും പരിശുദ്ധമായ രഹസ്യം സംരക്ഷിക്കാനാണ് സൊനീയർ സ്വന്തം ജീവൻ ബലി കൊടുത്തത്.എന്താണ് ആ രഹസ്യമെന്നറിയാൻ സോഫിയും ലാങ്ഡണും വളരെ പണിപ്പെട്ട് ആ കോഡിലെ ചുരുളഴിയുന്നു.അപ്പോഴാണ് ആ ചരിത്ര സത്യം അവർക്കു മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നത്.(ഈ രഹസ്യം യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ളതും ക്രിസ്തുവിന്റെ ജനനത്തെ ചോദ്യം ചെയ്യുന്നതുമാണ്.അതു കൊണ്ടാണ് ഞാൻ മുമ്പ് സൂചിപ്പിച്ച തരം വിവാദങ്ങൾക്ക് ഈ കൃതി കാരണമായിത്തീർന്നത്.ബൈബിളിന് നിരവധി ആഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്.അതു പോലൊന്നായി ഈ കൃതിയേയും കണ്ട് ബ്രൗണിന്റെ അതുല്യമായ രചനാപാടവത്തെ മാനിക്കണമെന്നാണ് വായനക്കാരനെന്ന നിലയിൽ എന്റെ നിലപാട്)

അവിസ്മരണീയമായ വായനാനുഭവം നൽകുന്ന നോവലാണ് ഡാവിഞ്ചിക്കോഡ്.പ്രണയവും വിരഹവും ആകാംഷയും ചരിത്രവും അങ്ങനെ എല്ലാമെല്ലാം ബ്രൗണിന്റെ കുശലമായ തൂലികയ്ക്ക് ആവശ്യം തന്നെ.എന്തു തന്നെയായാലും ഈ കൃതി ഓരോ വായനക്കാരന്റേയുംയും ഹൃദയത്തോട് ഏറെ ചേർന്നിരിക്കുന്നു.ഭാവനയുടെയും വിചാരത്തിന്റെയും മൂർത്ത രൂപമാണ് ഡാവിഞ്ചിക്കോഡിലൂടെ നമുക്ക് കാണാൻ സാധിച്ചത്.

ഹരിനന്ദന കെ എം

10.എ

ഇന്ത്യൻ സ്ത്രീകളുടെ ഇരുണ്ട യുഗം

വേദകാലത്തിന്റെ അവസാന ഘട്ടത്തിൽ തന്നെ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനം ക്ഷയിക്കാൻ തുടങ്ങി. ഗുപ്തകാലഘട്ടത്തോടു കൂടിയാണ് ഭാരതത്തിൽ സ്ത്രീകളുടെ സ്ഥിതിയിൽ അധഃപതനയുഗം തുടങ്ങുന്നത്. സ്ത്രീധനം ഒരു നടപ്പു രീതിയായി രംഗപ്രവേശം ചെയ്യുന്നത്. വിധവകൾക്ക് പുനർവിവാഹം നിഷേധിക്കപ്പെട്ടു. കഠിനവ്രതങ്ങളിലും നിഷ്ഠകളിലും മുഴുക് അവർക്ക് ശിഷ്ട ജീവിതം തള്ളിനീക്കേണ്ടിവന്നു.

അമൽരാജ് വി ആർ

9 ബി

ഇന്ത്യയുടെ ഉരുക്കുവനിതയാണ് ഇന്ദിരാഗാന്ധി.ഇന്ത്യയുടെ വാനമ്പാടിയാണ് സരോജിനിനായിഡു. വിളക്കേന്തിയ വനിതയാണ് ഫ്ളേറൻസ് നൈറ്റിംഗേൽ.കിഴക്കിന്റെ പുത്രി ബേനസീർ ഭുട്ടോ.മയ്ഡ് ഓബ് മർലിയൻസ് ജൊവാൻ ഓഫ് ആർക്ക്.ഉരുക്കുവനിത മാർഗരറ്റ് താച്ചാർ.പയ്യോളി എക്സ്പ്രസ് പി.ടി ഉഷ

കാർത്തിക ടി
10 ബി

പ്രളയം

സ്വന്തം ജീവൻ കൈക്കുള്ളിൽ വച്ച്
ഒരു ജീവൻ രക്ഷിക്കാൻ പാഞ്ഞിടുന്നു
ആരോടും പറയാതെ ആരും അറിയാതെ
പാഞ്ഞുവന്നു ആ പ്രളയജലം
കുന്നില്ല മരമില്ല പാടവുമില്ല
എല്ലാമാ വരവിൽ കൊണ്ടുപോയി
അധ്വാനിച്ചതും കഷ്ടപ്പെട്ടതും എല്ലാമെല്ലാം കൊണ്ടുപോയി
ഒരുപാട് ജീവൻ നഷ്ടമായെങ്കിലും
പുതിയൊരു ജീവൻ തുണയാവട്ടെ
ഇനിയിന്ന് ഒന്നുമുതലായി തുടങ്ങണം
ഒരു പുതുജീവിത മാർഗ്ഗത്തിനായി
ഒരു പുതുഭാവിക്കും കൂടിയെന്നും
ഇനിയൊന്നുമുതലായി തുടങ്ങീടേണം

-ധനശ്യാം ടി
10 ബി

**ഡ്രാക്കുള വീട്ടിൽ വന്നാല്**

ഡ്രാക്കുള വീട്ടിൽ വന്നാൽ ഞങ്ങൾ
ജോക്കു പറഞ്ഞു രസിപ്പിക്കും
ജ്യൂസ്,ചുവപ്പൻ മുന്തിരി ജ്യൂസൊരു
ഗ്ലാസിൽ നൽകിപ്പറ്റിക്കും
പകലാണെങ്കിൽ പതിയെച്ചെല്ലും
പലപലകാര്യം ചോദിക്കും
പല്ലും കാട്ടിയിരുട്ടിൽ വന്നാൽ
തല്ലു കൊടുത്തിട്ടോടിക്കും.

**കുഞ്ഞിപൂമ്പാറ്റ**

കുഞ്ഞിപ്പൂവിൻ കവിളത്ത്
മുത്തം നൽകിപൂമ്പാറ്റ
മഞ്ഞ നിറത്തിൻ പൂമ്പൊടിയിൽ
മുഖം മിനുക്കി പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
കുഞ്ഞി ചിറകു വിടർത്തിലോ
പാറി നടന്നു പൂമ്പാറ്റ

**അയ്യോ പാഞ്ഞേ**

പത്തായത്തിൽ നെല്ലു കൊതിക്കാൻ
പാഞ്ഞങ്ങെത്തി ചുണ്ടെലികൾ
പാതിരനേരം പത്തായത്തിൽ
ഓടിപ്പാഞ്ഞു ചുണ്ടെലികൾ
പത്തായത്തിൽ തട്ടിം മുട്ടിം

അടി പിടി കൂട് ചുണ്ടെലികൾ
കണ്ടൻ പൂച്ചയെ കണ്ടതുമുതലെ
ഓടിപ്പാഞ്ഞു ചീണ്ടെലികൾ

അഭിജിത്ത് പി
10 ബി

മിഴിനിർപ്പൂ

ചെടിയിൽ വിടർന്നതു പനിനീർപ്പൂ
കാറ്റിലടർന്നതു  പനിനീർപ്പൂ
ചെളിയിൽ പൂവിതൾ വീണൊരു നേരം
ചെടിയുടെ കരളില്
മെന്നടെകവിളില്മൂറിക്കുടി
മിഴിനീർപ്പൂ

ദേവനാഥ് എം
10 ബി

സൂത്രക്കാരൻ  അക്ക

*അപ്പു മുയൽ ഒരു നദിക്കരയിലാണ് താമസിക്കുന്നത്.ഒരുദിവസം  അപ്പു മുയൽ നദിക്കരയിലിരുന്ന് പുല്ലുതിന്നകയായിരുന്നു.അപ്പോഴാണ്  മന്തൻ  മുതല  വന്നത്. പതുങ്ങി പതുങ്ങി  വന്ന് അപ്പുവിൻെറ കാലിൽ ഒരു  പിടിത്തം.അപ്പുമുയൽ പേടിച്ച്  കരഞ്ഞു പറഞ്ഞു,രക്ഷിക്കണേ...രക്ഷിക്കണേ...അപ്പോഴാണ്  ആ വഴിവന്ന  അക്കുക്കുരങ്ങ്  അപ്പുവിന്റെ കരച്ചിൽ കേട്ട് അവനെ രക്ഷിക്കാൻ പോയി. അക്ക മുതലയുടെ  മുന്നിൽ ചെന്നു പറഞ്ഞു ; നീ അറിഞ്ഞില്ലെ പുഴയുടെ അടിത്തട്ടിൽ ഇറച്ചി  വില്ലക്കുന്നുണ്ട്  നിനക്കി മുയലിനു പകരം നിനക്ക് ധാരാളം ഇറച്ചി കിട്ടും മന്തൻ മുതല പറഞ്ഞു ശരിയാണ് നീ പറഞ്ഞത്  ഞാൻ  വേഗം പോകട്ടെ അങ്ങനെ അപ്പു മുയൽ രക്ഷപ്പെ*

യദുനന്ദന വി
10 ബി

കുട്ടിക്കുറുമ്പൻ

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഡുട്ടു എന്ന് പേരുള്ള ഒരു ആനക്കുട്ടി താമസിച്ചിരുന്നു. മഹാവികൃതിയായ അവൻ അച്ഛനും അമ്മയുമൊന്നും പറഞ്ഞാൽ അനുസരിക്കില്ല. ആ വർഷം ഡുട്ടുവിന് സ്കൂളിൽ ചേരേണ്ട പ്രായമായി അച്ഛൻ അവനെ കാട്ടിലെ സ്കൂളിൽ ചേർത്തു. ബാഗും കുടയും പുസ്തകങ്ങളുമായി അമ്മ അവനെ സ്കൂളിൽ കൊണ്ടു വിട്ടു. മോനേ കുറുമ്പുകാട്ടാതെ മിടുക്കനായി പഠിക്കണം. അമ്മ ഉച്ചയ്ക്ക് കുറേ പഴങ്ങൾ കൊണ്ടുവരാം. ഡുട്ടു അനുസരണയോടെ തലയാട്ടി. പക്ഷെ അമ്മ പോയതിനു പിറകെ അവൻ കുസൃതികൾ ആരംഭിച്ചു. മുൻപിലിരിക്കുന്ന കുതിരക്കുട്ടികളുടെ വാല് കൂട്ടിക്കെട്ടിവച്ചു. തുമ്പിക്കയ്യിൽ വെള്ളമെടുത്ത് ചീറ്റി എല്ലാവരേയും നനച്ചു. അതിനിടെ അവന് വല്ലാതെ വിശന്നു. ഒട്ടും മടിച്ചില്ല. ഡുട്ടു സ്കൂൾ മുറ്റത്തുനിന്ന മുളക്കൂട്ടത്തിനടുത്തുചെന്ന് മുളന്തണ്ടുകൾ ഓരോന്നായി ഒടിച്ച് തിന്നാൻ തുടങ്ങി. ണീം.... ണീം.... ണീം.... പെട്ടെന്ന് ക്ലാസ്സ് തുടങ്ങാനുള്ള മണിയടിച്ചു . അവൻ തീറ്റ മതിയാക്കി ക്ലാസ്സിലേക്ക് ഓടിക്കയറി. ശ്രദ്ധയില്ലാതെ ഓടിക്കയറിയതിനാൽ ഡുട്ടുവിന്റെ തല ക്ലാസ്സ് മുറിയുടെ വാതിൽപ്പടിയിൽ ഇടിച്ചു.അവന് വല്ലാതെ വേദനിച്ചു. ദേഷ്യം വന്ന അവൻ ബെഞ്ചിലേക്ക് ഒരൊറ്റ ഇരിപ്പ്! പ്ധിം. ഡുട്ടു കാലുതെറ്റി മലർന്നടിച്ച് വീണു. അയ്യോ എന്റമ്മേ അവൻ ഉറക്കെ നിലവിളിച്ചു,. എന്നെ എഴുന്നേൽപ്പിക്കണേ. അവന്റെ കൊമ്പിന്റെ വണ്ണം പോലുമില്ലാത്ത കൂട്ടുകാർ അവനെ എങ്ങനെ എഴുന്നേൽപ്പിക്കും. അവർ ഡുട്ടുവിന്റെ വീട്ടിലേക്കോടി. വിവരമറിഞ്ഞ അച്ഛനും അമ്മയും അവിടേക്ക് പാഞ്ഞെത്തി വലിയ പഴക്കുലയും മാമ്പഴവുമായി വരുന്ന അമ്മയേയും അച്ഛനേയും കണ്ട അവന് സന്തോഷമായി. അവർ അവനെ എഴുന്നേൽപ്പേച്ചു. അവർ കൂട്ടുകാർക്കർക്കെല്ലാം മാമ്പഴം കൊടുത്തു. എന്നിട്ട് അമ്മയോട് പറഞ്ഞു ഇനി ഞാൻ വികൃതികളൊന്നും കാട്ടില്ലേ...................

ശ്രീരാജ് പി
10 ബി

അയ്യോ പാഞ്ഞേ

പത്തായത്തിൽ നെല്ല് കൊറ്ക്കാൻ
പാഞ്ഞങ്ങെത്തി ചുണ്ടെലികൾ
പാതിരാ നേരം പത്തായത്തിൽ
ഓടിപ്പാഞ്ഞു ചുണ്ടെലികൾ
പത്തായത്തിൽ തട്ടിം മുട്ടിം
കടി പിടി കൂടി ചുണ്ടെലികൾ
കണ്ടൻ പൂച്ചയെ കണ്ടതുമുടനെ
ഓടിപ്പാഞ്ഞു ചുണ്ടലികൾ

കഥ

മിട്ടുവിന്റെ പന്ത്

ഒരു പാവം പൂച്ചക്കുട്ടിയാണ് മിട്ടു.ഒരിക്കൽ അവന് ഒരു പന്ത് കിട്ടി. മിട്ടു പെട്ടന്ന് പന്ത് തട്ടി കളിക്കാൻ തുടങ്ങി. പെട്ടന്ന് പന്ത് തെറിച്ച് അടുത്തുള്ള പുഴയിൽ വീണു. ഹയ്യോ എന്റെ പന്ത് പോയേ.മിട്ടു കരഞ്ഞു. അപ്പോൾ ചിക്കുത്താറാവ് അവിടേക്ക് വന്നു. വിഷമിക്കേണ്ട. ഞാൻ സഹായിക്കാം.ചിക്കു പറഞ്ഞു.ചിക്കു നീന്തിച്ചെന്ന് പന്തെടുത്ത് മിട്ടുവിന് കൊടുത്തു.അവന് വലിയ സന്തോഷമായി.

നിവേദ്യ എം
10 ബി

## കാട്

കാറ്റ് വന്നു പറഞ്ഞു കാട്ടിന്
പാട്ടിൻ മണമുണ്ട്
കാട്ടുചോലയ്ക്ക്ഴകുകൾ ഞൊറിയു
കുളിരാടകളുണ്ട്.
തുമ്പിയുയർത്തിക്കൊമ്പൻമാരുമടെ
ചിന്നംവിളിയുണ്ട്
തംബുരുമീട്ടുത്തിമ്പുകൾ പാടും
സങ്കീർത്തനമുണ്ട്....

നിവേദ്യ എം
10 ബി

ഉപദേശം

ബൊമ്മ കണക്കെയിരിക്കരുതെ
ബകനെപ്പോലെയുറങ്ങരുത്
ബഹളം കൂട്ടി നടകരുത്
ബുദ്ധിമോശം കാട്ടരുത് !

ശ്രീഹരി സുരേഷ്
10 B

രോഗി

( ആസ്വാദനം)

ശിഥിലമയം എന്ന പുസ്തകത്തിന്റെ രചയിതാവായ ആർ വിശ്വനാഥന്റെ കഥയും കവിതയും നിറഞ്ഞ പുസ്തകമാണ് രോഗി.ഈ പുസ്തകത്തിൽ രോഗി എന്ന കവിത ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്.ആരാണ് ഒരു യഥാർത്ഥ രോഗി എന്നും എന്തൊക്കെയാണ് രോഗിയെ ഭയപ്പെടുത്തുന്നതെന്നും ഓരോ വായനക്കാർക്കും ഇതിലൂടെ മനസ്സിലാക്കാം.സാരീരികമായി കീഴ്പ്പെടുത്തുന്നത് മാത്രമല്ല,മാനസികമായി തളരുന്നവനും രോഗിയാണ്.അതിന് പ്രേരിപ്പിക്കുന്ന എന്തിനെയും രോഗമായി കണക്കാക്കാം.രോഗം മൂലം ദുരിതം അനുഭവിക്കുന്ന രോഗികൾക്ക് ആത്മവിശ്വാസവും,മനോദാർഢ്യവും നൽകാൻ ഈ കവിത സഹായകമാവുന്നു.കവിത വളരെ ചെറുതാണെങ്കിലും സന്ദേശം കൊണ്ട് വലിയൊരുകവിതയാണ് രോഗി എന്ന കവിത.പദപ്രയോഗങ്ങൾ കോണ്ടും സമ്പന്ന മാണ് ഈ കവിത.

ശ്രീഹരി സുരേഷ്
10 ബി

മൈതാനവും താപാൽ ഓഫീസും

ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ക്രിക്കറ്റ് മൈതാനം ഇന്ത്യയിലാണ് .ഹിമാചൽ പ്രദേശിലെ ചൈലിൽ സമുദ്രനിരപ്പിൽ നിന്ന് 2444 മീറ്റർ ഉയരത്തിലാണ് അത് . ലോകത്തിലെ ഏറ്റവും ഉയർന്ന സ്ഥലത്തുള്ള പോസ്റ്റ് ഓഫീസ് കാണണമെന്നുണ്ടായാൽ ഹിമാചൽ പ്രദേശിൽ ചെല്ലണം . ഹിക്കിം എന്ന സ്ഥലത്തെ പോസറ്റ് ഓഫീസ് 5000 മീറ്റർ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ഷൈനി പി ജെ
ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സ്

## മഴയും
## കുഞ്ഞുണ്ണിയും

ഇറയത്തിരുന്നു മുറ്റത്തെ
മഴനൃത്തം കാണുന്നു കുഞ്ഞുണ്ണി

മുറ്റത്ത് വീശും കാറ്റിലാടുന്ന
കുഞ്ഞാരാമത്തിലെച്ചെടികൾ
മുറ്റത്തെങ്ങോ മറഞ്ഞിരുന്നു
ഓരിടുന്നു.മാക്രികൾ
മഴയൊഴിയുന്ന നേരം
ഇറവെള്ളം കാണുന്നു കുഞ്ഞുണ്ണി

മാനം തെളിയുന്ന നേരം
വിടരുന്ന മഴവില്ലഴക്
മനതാരിലാമോഗദമായ്
നോക്കിയിപ്പു. കുഞ്ഞുണ്ണി

വിനായക് എം
10 ബി

## പഞ്ചവർണക്കിളി

പഞ്ചവർണക്കിയെൻ നെഞ്ചിലിരിക്കവെ
പാടി മറന്നൊരാ ഗാനം!
ഹരിതാഭ ചാർത്തുന്ന നിൻമേനിത്തൊട്ടപ്പേൾ
ചിറകുകൾ ഒന്നുലഞ്ഞെന്നോ?
മഞ്ചാടി മണികൾ ചേർത്തുവെച്ചൊരാ-
ചെഞ്ചുണ്ട് കണ്ട് ഞാൻ,
എന്നെ മറന്നു,എല്ലാം മറന്നു!

വിനായക് എം
10 ബി

കുഞ്ഞിക്കിളിയുടെ കൂട്

പഞ്ഞിമരത്തിൽ കുഞ്ഞിക്കിളിയുടെ
കൂടുണ്ടല്ലോ ചേലിൽ
മഞ്ഞക്കിളിയുടെ കൂടും കാണാം
മറ്റൊരു കൊമ്പത്ത്

നന്ദകിഷോർ പി വി

10 ബി

# പല്ലി

പല്ലൊന്നുമില്ലാത്തതല്ലി
പല്ലിക്കുള്ളവിശേഷം
പല്ലില്ലയാണെല്ലും പല്ലിക്ക്
പല്ലിയെന്നുള്ള പേരുണ്ട്

ദീപക് എം

9.എ

ചന്ദനത്തിരി

മേൽത്തരമുള്ള  സുഗന്ധം പകരാൻ
കത്തിയെരിയുക വേണം ഞാൻ
അങ്ങനെ  കത്തിയെരിഞ്ഞാലോ
പൂജാമുറിയുടെ പുളകം ഞാൻ

യദുകൃഷ്ണ ടി വി
10 ബി

## മകനേ

മടിയിൽ നീയൊരു മലരല്ലേ
മഞ്ഞിൽ വിരിഞ്ഞ പൂവല്ലേ
മനസിൽ പ്രാർത്ഥന കേട്ടിട്ടീശൻ
മടിയാതേകിയ വരമല്ലേ
മാമക ജീവിത സാമ്രാജ്യത്തിൻ
മന്നൻ ഇനിമുതൽ നീയല്ലേ
മണ്ണിൽ തുണയീയമ്മയ്ക്കെന്നും
മകനേ ഇനിമുതൽ നീയില്ലേ

മുഹമ്മദ് ഷാൻ
10 ബി

## കെണിയിൽ വീണേ

ഒരിടത്തൊരിടത്തൊരിടത്ത്
ഒളിച്ചിരുന്നൊരു സിംഹത്താൻ
പാത്തുപതുങ്ങി ഇരുട്ടത്ത്
നാട്ടിലിറങ്ങുക പതിവാക്കി
ആടും പശുവും കോഴികളും
സിംഹക്കുട്ടന് ശാപ്പാടായി
കൊന്നും തിന്നും പേടിപ്പിച്ചും
നാട്ടിൽ പമ്മി നടക്കുമ്പോൾ
ഒരു നാൾ പൂച്ചപ്പോലീസ് വച്ചൊരു-
കെണിയിൽ വീണേ സിംഹത്താൻ

ശബരി കെ
10 ബി

കാക്ക

രാവിലെയെത്തി മുറ്റം മുഴുവനും
കൊത്തി വെളുപ്പിക്കാൻ ഞങ്ങൾ വേണം
കൂട്ടിലെ കുഞ്ഞിനു തീറ്റയും തേടിയാ-
വീടിന്റെ മുറ്റത്തു വന്നിട്ടുമ്പോൾ
കയ്യിൽ കടിച്ചൊരു റൊട്ടിയുമായി
പൈതലോ കൗതുകത്തോടെ നിൽപ്പൂ
തഞ്ചത്തിലാമരക്കൊമ്പിൽ നിന്നെത്തി
റാഞ്ചിയെടുത്തങ്ങു യാത്രയാവും
കൂട്ടിലെ കുഞ്ഞിൻ വിശപ്പടക്കീടുവാൻ
വേണ്ടിയീ തെറ്റെന്നു കണ്ടീടണേ
കൂട്ടമായി ഞങ്ങളെ കല്ലെറിഞ്ഞീടല്ലേ
കാക്കകൾ ഞങ്ങൾ വെറും പാവങ്ങൾ

അഖിൽരാജ് ടി വി
10 എ

കൊമ്പൻ വിരു

അമ്പലത്തിൽ ചെണ്ട മേളം
അമ്പതാലു ചേർന്ന്!
അമ്പലത്തിൻ മുമ്പിലായി
കൊമ്പനവൻ നിന്നു.
അമ്പതാലു ചേർന്ന മേളം
ഇമ്പമായി തുടർന്നു.....

നിവേദ് കൃഷ്ണ
10 എ

മഴ

ഇറയത്തിരുന്നു മുറ്റത്തെ
മഴനൃത്തം കാണുന്നു കുഞ്ഞുണ്ണി
മുറ്റത്തുവീശും കാറ്റിലാടുന്നു
കുഞ്ഞാരാമത്തിലെ ചെടികൾ
മുറ്റത്തെങ്ങോ മറഞ്ഞിരുന്നു
ഓരിയിടുന്ന മാക്രികൾ
മഴഒഴിയുന്ന നേരം
ഇറവെള്ളം കാണുന്നു കുഞ്ഞുണ്ണി
മാനം തെളിയുന്ന നേരം
വിടരുന്നു മഴവില്ലഴക്
മനതാരിലോമോദമായി
നോക്കിയിരിപ്പൂ കുഞ്ഞുണ്ണി

ധ്യാൻ എൻ സുനീഷ്
10 എ

ഓണത്തപ്പൻ

ഇല്ലത്തെത്തിയ ഓണത്തപ്പന്
ഇലയിൽ സദ്യവിളമ്പേണം
ഇമ്പമെഴുന്നൊരു ഓണപ്പാട്ടുകൾ
ഇരുചെവിപൊട്ടെ പാടേണം

പൈങ്കിളി

പച്ച പൈങ്കിളി തത്തമ്മേ
പണ്ടേ നമ്മൾ കൂട്ടല്ലേ
പലപല പാട്ടുകൾ പാടീല്ലേ
പലപല നാടുകൾ ചുറ്റീല്ലേ

പെരുമഴ

തകർത്തുപെയ്യും മഴയത്തമ്മ
തരും എനിക്കൊരു കുഞ്ഞുകുട
തനിച്ചുഞാനതിൽ ഗമയിക്കുപോകും
തരത്തിനിത്തിരി മഴകൊള്ളും

ശ്രീഹരി വി
10 എ

റോസാപ്പൂ

ദേഹം മുഴുവൻ മുള്ളാണേ
കാണാൻ നല്ലൊരു ചേലാണേ
രാവിലെ എന്നുംകണിയാണേ
ഇതളുകളെല്ലാം ചുവന്നു കാണാം
വേഗം ചെല്ലും ഞാനാര്

-ആദിത്യൻ.എം വി
10 ബി

ഓർമ്മയുണ്ടോ പ്രിയേ
നമ്മളന്നാ മാവിൻ  കൊമ്പിലോത്തുഞ്ഞാ-
ലിലാടിക്കളിച്ചതും
ഓർമ്മയുണ്ടോ പ്രിയേ
നമ്മളന്നാ വരമ്പാകെ കളിച്ചു
തിമിർത്ത് നടന്നത്
ഓർമ്മയുണ്ടോ നിനക്കീ മരത്തെ
അന്ന് നമ്മളല്ലേതിവിടെ നട്ടത്

ദേവനന്ദ എൻ
10 എ

യാത്ര എന്ന വിസ്മയം

രാവിലെ തന്നെ അതിയായ സന്തോഷത്തോടെയാണ് ഞാനുണർന്നത്. ഞാനും അച്ഛനും അമ്മയും അനുജനും ഇന്ന് ബേക്കൽ കോട്ട പോവുകയാണ്. അതിയായ സന്തോഷത്താൽ ഞാൻ എന്നെ തന്നെ മറന്നു പോയ ദിവസമാണതെന്നു പറയാം.

ഞങ്ങൾ യാത്രയായി. അഴിച്ചിട്ട മുടിയിഴകൾ കാറ്റിൽ എന്റെ മനസ്സു പോലെ തന്നെ നൃത്തമാടി. എന്റെ മനസ്സ് എത്രത്തോളം സന്തോഷിക്കുന്നുണ്ടോ അതിലധികം പ്രസന്നമായിരുന്നു എന്റെ മുഖം. കാണാനിരിക്കുന്ന കാഴ്ച്ചകൾ എത്രത്തോളം മനോഹരമായിരിക്കും എന്ന ആകാംക്ഷ എന്റെ മനസ്സിലുദിച്ചു. ബസ്സിലെ യാത്ര സുഖകരമായിരുന്നില്ല. ബസ്സിൽ പരസ്പരം ഉന്തലും തള്ളലുമായിരുന്നതിൽ യാത്രയുടെ ആസ്വാദ്യത നഷ്ടമായി. അതെന്റെ മനസ്സിൽ നിരാശയുണ്ടാക്കി എന്നു തന്നെ പറയാം. എന്റെ ആഗ്രഹം പോലെ തന്നെ എനിക്ക് ബസ്സിൽ സീറ്റ് കിട്ടി. പ്രകൃതിയുടെ മനോഹാരിത ശരിക്കും ആസ്വദിക്കാൻ പറ്റുന്നതിനു മുൻപുതന്നെ ഞങ്ങൾ ഇറങ്ങേണ്ടയിടത്തെത്തി. ബേക്കൽ കോട്ട എത്തിയല്ലോ എന്ന കാര്യത്തിൽ ഞാനേറെ സന്തോഷിച്ചു. വളരെ ആഹ്ലാദത്തോടെ ഓരോ കാഴ്ചകൾ കണ്ടു കൊണ്ട് ഞാൻ നടന്നു. അതിന്റെ ഓരോ അറ്റകുറ്റ പണികളും ഞാൻ വായിച്ചെടുത്തു. ശിവപ്പനായക് പണികഴിപ്പിച്ച ഈ കോട്ട കേരളത്തിലെ ഏറ്റവും വലിയ കോട്ടയും വിനോദ സഞ്ചാരികളെ ഏറെ ആകർ ഷിക്കുന്ന കോട്ടയുമാണിത്. ബേക്കൽ കോട്ട മാറിയിട്ടില്ലെങ്കിലും ജനഹൃദയങ്ങളും അവരുടെ വേഷങ്ങളും മാറിയിരിക്കുന്നു. എല്ലാവരും അവരുടെ ലോകത്ത്. മൊബൈൽ ഫോണിന്റെ ലോകത്ത്. എനിക്ക് തോന്നുന്നത് അവർ ശരീരം കൊണ്ട് ബേക്കൽ കോട്ച സന്ദർശിച്ചെങ്കിലും മനസുകൊണ്ട് അവരാരും ഇതൊന്നും കണ്ടിട്ടില്ലെന്നാണ്. അവരാരും ആസ്വദിക്കാത്ത ഈ ബേക്കൽ കോട്ട ഞാൻ വേണ്ടുവോളം ആസ്വദിച്ചു. എനിക്കെത്രയായാലും മതി വരുന്നില്ല. ഞാൻ മനസ്സിന്റെ ഒരു കോണിൽ ഈ അനുഭവവും സന്തോഷവും ആനന്ദകരവുമായ ഓരോ നിമിഷവും കുറിച്ചിട്ടു.

ജീവിതത്തിൽ സന്തോഷവും ആഹ്ലാദവും നൽകുന്നതാണ് യാത്ര. ബേക്കൽ കോട്ടയിലേക്കുള്ള ഈ കൊച്ചു യാത്രയും ജീവിതത്തിൽ എനിക്ക് വിലപ്പെട്ടതാണ്.

ശ്രീലക്ഷ്മി
10 എ

മുട്ടക്കാരൻ

മുട്ടക്കാരൻ കിട്ടപ്പൻ
കുട്ടയുമായി ചന്തയിലെത്തി
മുട്ടയടുക്കി കുട്ടനിറച്ചു
വട്ടിയിൽ മീനും വാങ്ങി നിറച്ചു
ഒട്ടു രസത്തിനു കള്ളുകുടിച്ചു
കുട്ടിത്തോർത്തോ തലയിൽ കെട്ടി
പട്ടക്കുപ്പിയൊരെണ്ണം വാങ്ങി
വൈകിട്ടത്തേയ്ക്കരയിൽ തിരുകി
പാട്ടുംപാടി നടന്നപ്പോൾ
പട്ടിയൊരെണ്ണം പിന്നിൽക്കൂടി
വട്ടിയിൽ വന്നൊരു  കടിയായി
കടിയായി പിടിയായി  പിടിവലിയായി
തലയിലിരുന്നൊരു മുട്ടക്കുട്ട
താളം തെറ്റിത്താഴെപ്പോയി
കുട്ടയൊടിഞ്ഞു മുട്ടകൾ പൊട്ടി
കിട്ടപ്പൻ സ്ഥിതി കഷ്ടം തീർത്തു
മുട്ടകൾ പൊട്ടിയകന്നപ്പോൾ
കരഞ്ഞുപോയി കിട്ടപ്പൻ
മേലിൽ മദ്യം തൊടുകില്ലെന്നൊരു
സത്യമെടുത്തു പാവത്താൻ

ഷഹ്മ ഫർഹത്ത്
10 എ

**പാറി വന്ന വണ്ട്**

പാറി നടക്കും വണ്ട്
മൂളിപ്പാടുന്നുണ്ട്
മൂളിപ്പാടും വണ്ട്
പൂവിലിരികുന്നുണ്ട്
പൂവിലിരിക്കും വണ്ട്
പൂന്തേനുണ്ണുന്നുണ്ട്
പൂന്തേനുണ്ണും  വണ്ട്
പാറിപ്പോയതു കണ്ടേ

സാമജ സുനിൽ
10 എ

**ആരാണ്?**

മൂ മൂ മൂളണതാരാണ്
മൂമൂ മൂമൂ മൂങ്ങച്ചൻ
ക്രീ ക്രീ കരയണതാരാണ്
ക്രീ ക്രീ ക്രീ ക്രീ ചീവീട്
മിന്നിനടക്കണതാരാണ്
മിന്നും മിന്നാമിനുങ്ങാണ്

# നന്ദി

ഉദയനഗർ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് 12019/2018 ൽ 2022-25 ബാച്ചിന്റെ നേതൃത്വത്തിൽതയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'ഇലകൾ കൊഴിയുമ്പോൾ' എന്നതുമായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

നിർമ്മാണം - ലിറ്റിൽകൈറ്റ്സ് യൂണിറ്റ് ബാച്ച് 2022-25 അംഗങ്ങൾ

UDAYA NAGAR HIGH SCHOOL

PULLUR

